വലിയ മാർ ദീവന്നാസ്യോസും
തരണനല്ലൂർ നമ്പൂതിരിപ്പാടും

(Malayalam)

Valiya Mar Deevannaasiyosum Tharananalloor Nampoothirippaadum
(Historical Story)

Chithramezhuthu K. M. Varughese

First Published	:	1929
Second Edition	:	1987
First E Edition	:	2023 November
Published by	:	Sophia E Library https://sophiaelibrary.blogspot.com/
Typesetting	:	Sophia Print House, Kottayam

വലിയ മാർ ദീവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും

(ചരിത്രകഥ)

ചിത്രമെഴുത്തു കെ. എം. വറുഗീസ്

സോഫിയാ ഇ ലൈബ്രറി
https://sophiaelibrary.blogspot.com/

ചിത്രമെഴുത്ത് കെ. എം. വറുഗീസ്

മലയാള സാഹിത്യനഭോമണ്ഡലത്തിലെ ഉജ്ജ്വലതാരവും ചിത്രകലാ വിദ്യയിൽ അതിപ്രഗത്ഭനും ചരിത്രവിശാരദനുമായിരുന്ന ചിത്രമെഴുത്തു കെ. എം. വറുഗീസ് 1888-ൽ മാവേലിക്കരയിൽ ജനിച്ചു. പ്രാരംഭ വിദ്യാഭ്യാസത്തിനുശേഷം 16-ാമത്തെ വയസ്സിൽ കൊട്ടാരം ആർട്ടിസ്റ്റ് മുകുന്ദൻ തമ്പിയുടെ കീഴിൽ ചിത്രമെഴുത്ത് അഭ്യസിച്ച് ആ കലയിൽ പ്രാവീണ്യം നേടി. സാഹിത്യ വിഷയകമായ പരിശ്രമങ്ങൾ അക്കാലത്താണ് ആരംഭിച്ചത്. 1925-നു ശേഷം മലയാള മനോരമ പത്രത്തിലും പൗരപ്രഭയിലും മറ്റും പ്രസിദ്ധപ്പെടുത്തിയ ക്രൈസ്തവേതിവൃത്തപ്രധാനങ്ങളായ ചരിത്രകഥകളും ഗദ്യകവിതകളും ലേഖനങ്ങളും മറ്റും ചിത്രമെഴുത്തിന് വലിയ പ്രശസ്തി നേടിക്കൊടുത്തു.

അനുകരിക്കാൻ പ്രയാസമായ ഒരു സുന്ദര ഗദ്യശൈലിയുടെ ഉടമയായ അദ്ദേഹമാണ് മലയാളത്തിലെ ഗദ്യകവിതാപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്. ചില സാഹിത്യചരിത്രങ്ങളിലും ജി. ശങ്കരക്കുറുപ്പിന്റെ 'നിമിഷം' എന്ന കാവ്യസമാഹാരത്തിന് കേസരി ബാലകൃഷ്ണപിള്ള എഴുതിയിട്ടുള്ള അവതാരികയിലും ഈ വസ്തുത തുറന്നു പറഞ്ഞിട്ടുണ്ട്.

സഹൃദയനും മഗ്ദലനമറിയം എന്ന മനോഹര കാവ്യനിർമാണത്തിനു മഹാകവി വള്ളത്തോളിനു പ്രേരണ നൽകിയ ദേഹവുമായ പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശൻ നടത്തിയിരുന്ന ആത്മപോഷിണി, കഥാമാലിക എന്നീ മാസികകളുടെ പത്രാധിപരായും ചിത്രമെഴുത്തു കുറെനാൾ പ്രവർത്തിച്ചിട്ടുണ്ട്. ആ കാലഘട്ടത്തിൽ പ്രകാശിതമായ മഗ്ദലനമറിയത്തിനും അവതാരികയും ടിപ്പണിയും എഴുതുന്നതിന് ചിത്രമെഴുത്തിനു ഭാഗ്യം ലഭിച്ചത് ആ ബന്ധം മൂലമായിരുന്നു.

സാഹിത്യരചനയിലും ചിത്രമെഴുത്തിലും മാത്രമല്ല, നാട്ടുകാര്യങ്ങളിലും അദ്ദേഹം തൽപ്പരനായിരുന്നു. 1115 കന്നി 5-ാം തീയതി മുതൽ രണ്ടു വർഷക്കാലം അദ്ദേഹം മാവേലിക്കര പഞ്ചായത്ത് പ്രസിഡണ്ടായും രണ്ടാം ക്ലാസ് മജിസ്ട്രേട്ടായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1962-ൽ 74-ാം വയസ്സിൽ അന്തരിച്ചു.

ഗ്രന്ഥങ്ങൾ: സുറിയാനി ക്രിസ്ത്യാനികളുടെ രാജ്യരക്ഷാ പുരുഷത്വം, കേരളീയ നസ്രാണികളുടെ രാഷ്ട്രീയ സേവനം, തച്ചിൽ മാത്തുതരകന്റെ തങ്കക്കൊമ്പൻ, മാത്യൂസ് മാർ അത്താനാസ്യോസിന്റെ പഞ്ചകല്യാണി, വലിയ മാർ ദീവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും, വേണാടിന്റെ നടുത്തൂൺ അഥവാ പുണ്യവാനായ ശൗരിയാർ, അഞ്ചാം മാർത്തോമ്മായുടെ പീഡനങ്ങൾ അഥവാ ഡച്ചുകാരുടെ പന്ത്രണ്ടു ലക്ഷം, നെല്ലിമൂട്ടിലമ്മച്ചി, ചിട്ടിത്തലയാൾ, സുചരിതമുകുരം, ചിത്രമെഴുത്തിന്റെ ഗദ്യകവിതകൾ, എന്റെ ജീവിതയാത്ര (ആത്മകഥ).

1

ജാതക ചർച്ച

കൊല്ലവർഷം 933 മുതൽ 973 വരെ തിരുവിതാംകൂറിനെ ഭരിച്ചിരുന്ന അനന്തഭാഗ്യനിധിയായ കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവു തിരുമനസ്സിലെ സമകാലീനനായിരുന്ന ഒരു മഹാപുരുഷനായിരുന്നു ആറാം മാർത്തോമ്മാ അഥവാ വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ. പത്തൊമ്പതാം ശതാബ്ദത്തിന്റെ പ്രഥമപാദത്തിൽ മലങ്കര സിറിയൻ ക്രിസ്ത്യൻ സമുദായാദ്ധ്യക്ഷനായി വാണിരുന്ന ഈ വൈദികവര്യന്റെ നാമത്തിലും സ്ഥാനത്തിലും ഇന്നത്തെ തന്റെ അനന്തരഗാമിയായ മലങ്കര സുറിയാനി സഭാദ്ധ്യക്ഷനെപ്പോലെതന്നെ ബുദ്ധിശക്തിയിലും ധീരോദാത്തതയിലും അഗ്രിമസ്ഥാനിയായിരുന്നുവെന്നുള്ളതിന് അദ്ദേഹത്തിന്റെ ജീവചരിത്രത്തിലെ ഏതൊരു ഭാഗവും ലക്ഷ്യമത്രെ.

കേരളത്തിൽ ക്രിസ്തുമതസ്ഥാപനം ചെയ്ത പുണ്യാത്മാവായ മാർത്തോമ്മാ ശ്ലീഹാ സ്വന്തം കൈ കൊണ്ടു മെത്രാൻസ്ഥാനം നൽകിയ പകലോമറ്റം കുടുംബത്തിലെ പിൻതുടർച്ചാവകാശിയായിരുന്നു വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ. ആറാം മാർത്തോമ്മാ എന്ന് സഭാചരിത്രങ്ങളിൽ അഭിധാനം ചെയ്തിട്ടുള്ള ഈ ധീരപുരുഷന്റെ ജനനത്തെപ്പറ്റി രസകരമായ ഒരു കഥയുണ്ട്.

സമീപസ്ഥനും വിദ്വാനുമായ ഒരു നമ്പൂതിരിക്ക് ഇദ്ദേഹത്തിന്റെ അപ്പൻ കുറെ പണം കൊടുപ്പാനുണ്ടായിരുന്നു. കൊയ്ത്തു കഴിഞ്ഞാലുടൻ പണം ഇല്ലത്തെത്തിക്കുന്നതാണെന്നു നേരത്തെതന്നെ അറിയിച്ചിരുന്നുവെങ്കിലും അറയിൽ നെല്ലു നിശ്ശേഷം തീർന്നുപോകകൊണ്ടു ഇല്ലത്തെ ഒരു ശ്രാദ്ധം മുടങ്ങിപ്പോകുമെന്നായപ്പോൾ ചില വാല്യക്കാരോടുകൂടി ഒരു ദിവസം രാവിലെ നമ്പൂതിരിപ്പാടുതന്നെ അധമർണ്ണന്റെ ഗൃഹത്തിലെത്തി. മെത്രാപ്പോലീത്തായുടെ ജനനവും അപ്പോൾ തന്നെ ആയിരുന്നു.

ഹോരശാസ്ത്രപണ്ഡിതനായ നമ്പൂതിരിപ്പാടു സൂതികാഗൃഹത്തിൽ നിന്നു പൊന്തിയ കുരവശബ്ദം കേട്ട് കഥ മനസ്സിലാക്കി. നാൽക്കാലിപ്പുറത്തു ഇരുന്ന ഇരുപ്പിൽ തന്നെ മുറ്റത്തേക്കു കുനിഞ്ഞു നിലത്തു ഗ്രഹനില രേഖ

പ്പെടുത്തി ലഗ്നാധിപഭാവബലത്തേയും ഗ്രഹോച്ചസ്ഥിതികളെയുംപറ്റി ഗാഢ വിചിന്തനം ചെയ്തിട്ടു മെത്രാപ്പോലീത്തായുടെ പിതാവിനെ വിളിച്ചു 'ശ്രാദ്ധാവശ്യം പ്രമാണിച്ചു കുറെ നെല്ലെങ്കിലും ഇപ്പോൾ കൊണ്ടുപോകാൻ തരമുണ്ടോ എന്നറിയുന്നതിനാണു ഞാൻ ഇങ്ങോട്ടു പുറപ്പെട്ടിരിക്കുന്നതെങ്കിലും ഉണ്ണിയുടെ ജനനത്തിലുള്ള സന്തോഷം കൊണ്ടു തരകനെ തൽക്കാലം ബുദ്ധിമുട്ടിക്കണമെന്നു വിചാരിക്കുന്നില്ലെന്നും, ഉണ്ണി അതിഭാഗ്യവാനാണെന്നു ലഗ്നാൽ കാണുന്നുണ്ടെന്നും പറഞ്ഞ് ഇല്ലത്തേക്കു മടങ്ങിപ്പോയി.

നെല്ലു കിട്ടുന്നതിനു കുറെ പ്രയാസം സഹിച്ചെങ്കിലും ശ്രാദ്ധം ഒരുവിധം ഭംഗിയായി നടത്തിയശേഷം നമ്പൂതിരിപ്പാട് തിരുവനന്തപുരത്തു താമസിച്ചിരുന്ന അജയ്യ പരാക്രമശാലിയും വൈരിവിദ്ധ്വംസകനുമായിരുന്ന മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സിലെ സന്നിധിയിൽ എത്തി. സ്വഗൃഹ സമീപത്തു പകലോമറ്റം തറവാട്ടിൽ (കുറവിലങ്ങാട്ടു) സർവസൗഭാഗ്യ സംപൂർണ്ണനും രാജലക്ഷണസംയുക്തനുമായ ഒരു നസ്രാണിക്കുട്ടി ജനിച്ചിരിക്കുന്നുവെന്നും ഗ്രഹനില പരിശോധിച്ചതിൽ ശിശു യൗവ്വനദശയിലെത്തുന്നതോടുകൂടി അതിപ്രതാപശാലിയും ഭരണാധികാരിയുമായ ഒരു മഹാരാജാവായിത്തീരുമെന്നും ഭരണസീമയെക്കുറിച്ചു ചിന്തിച്ചാൽ പുതിയ ബൗദ്ധരാജാവിന്റെ അധികാരം കേരളമൊട്ടുക്കും ഉണ്ടായിരിക്കുമെന്നു കാണുന്നതിനാൽ വടക്കുംകൂർ രാജസ്ഥാനം മാത്രമല്ല (കുറവിലങ്ങാടു അന്നു വടക്കുംകൂർ രാജാക്കന്മാരുടെ ആധിപത്യത്തിലായിരുന്നു) കേരളത്തിലുള്ള സിംഹാസനങ്ങളെല്ലാം തന്നെ നശിച്ചുപോകുമെന്നും അതിനാൽ തിരുവിതാംകൂർ രാജവംശത്തിന്റെ നിലനില്പിൽ അല്പമെങ്കിലും ആകാംക്ഷ ഉള്ളപക്ഷം ശിശുവിന്റെ ആയുസ്സിന് ഉടൻതന്നെ അന്തരം വരുത്തിക്കൊള്ളണമെന്നും തിരുമനസ്സുണർത്തിച്ചു.

നമ്പൂരിപ്പാട്ടിലെ അഗാധമായ ജ്യോതിശ്ശാസ്ത്ര പാണ്ഡിത്യത്തെപ്പറ്റിയും, വടക്കുംകൂർ രാജ്യം കൈവശപ്പെടുത്തുന്നതിനു മഹാരാജാവിനുവേണ്ടി നമ്പൂരിപ്പാടു ചെയ്തുപോന്ന ഗൂഢശ്രമങ്ങളെക്കുറിച്ചും മാർത്താണ്ഡവർമ്മ മഹാരാജാവിനു ദൃഢവിശ്വാസമുണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ജാതകഗണനയുടെ അപ്രമാദിത്വത്തെ പുരസ്ക്കരിച്ചു നിർദ്ദോഷിയായ ഒരു പിഞ്ചിളംകുഞ്ഞിനെ യമധർമ്മഹസ്തത്തിൽ എറിഞ്ഞുകൊടുക്കുന്നതിന് ആ നൃപകേസരിക്കു വലുതായ വൈമനസ്യമാണുണ്ടായത്.

കേരളീയ നസ്രാണികളുടെ വൈദികാദ്ധ്യക്ഷന്മാർ ജീവിതഗതിയിലും, ചര്യാക്രമങ്ങളിലും, രാജതുല്യന്മാരയതിനാൽ ശിശു ഒരു രാജാവായിത്തീരുന്നപക്ഷം അതു സ്വസമുദായ കേന്ദ്രത്തിനുള്ളിൽ മാത്രമായിരിക്കുമെന്നു ബുദ്ധിമാനായ മഹാരാജാവ് അഭിപ്രായപ്പെട്ടു. എങ്കിലും ശാസ്ത്രാനുസൃതമായ ഒരഭിപ്രായ സമർത്ഥനത്തേക്കാൾ കേവലമായ ഊഹത്തിനു

പ്രാബല്യം കല്പിച്ച് ആപൽദശയെ ആസന്നമാക്കുന്നത് അപകടകരമാണെന്നുകൂടി അദ്ദേഹത്തിനു തോന്നാതിരുന്നില്ല. അതിനാൽ ജാതകഗണനയിൽ ഉപരിവിചിന്തനം ചെയ്യുന്നത് എല്ലാംകൊണ്ടും നന്നായിരിക്കുമെന്ന് മഹാരാജാവ് നമ്പൂതിരിയോടും കൊട്ടാരം ജ്യോൽസ്യനോടും കല്പിച്ചു.

കുറച്ചുദിവസങ്ങൾക്കുള്ളിൽ ഹോരശാസ്ത്രവിശാരദന്മാരായ ഒരു കൂട്ടം പണ്ഡിതന്മാർ കൊട്ടാരത്തിൽ ഒരു ഭാഗത്തു കൂടി ജാതകത്തെ സംബന്ധിച്ചു ദീർഘമായ വാദപ്രതിവാദങ്ങൾ നടത്തുകയും ഭിന്നാഭിപ്രായ സമർത്ഥനത്തിൽ കലാശിപ്പിക്കുകയും ചെയ്തു. ഒരു കൂട്ടർ മഹാരാജാവു തിരുമനസ്സിലെ അഭിപ്രായത്തെയും മറുപക്ഷക്കാർ നമ്പൂതിരിപക്ഷത്തെയും പിൻതാങ്ങി. ഉഭയപക്ഷക്കാർക്കും പ്രബലങ്ങളും യുക്തിയുക്തങ്ങളുമായ ന്യായങ്ങൾ പറയാനുണ്ടായിരുന്നു. മഹാരാജാവാകട്ടെ ആദരണീയപക്ഷം ഏതാണെന്നു നിശ്ചയിക്കാൻ നിവൃത്തിയില്ലാതെ വിഷമസ്ഥിതിയിലായി.

രാജദ്രോഹികളും രാജ്യദ്രോഹികളുമായ എട്ടുവീട്ടിൽ പിള്ളമാരുടെയും, പോറ്റിമാരുടെയും ഘോരഹസ്തങ്ങളിൽ നിന്നു തനിക്ക് അഭയം നൽകിയ ഭക്തവത്സലനായ ജഗദീശ്വരൻ സ്വസിംഹാസനത്തേയും സ്വകുടുംബത്തേയും യഥാകാലം പരിരക്ഷിച്ചുകൊള്ളുമെന്നും പ്രത്യുത നിഷ്ക്കന്മഷനായ ഒരു ശിശുവിന്റെ ഗളഛേദത്തിനായി ഉദ്യമിക്കുന്നപക്ഷം അതു തന്നെ വംശവിനാശന കാരണമായി പരിണമിക്കുമെന്നും ആ രാജർഷി വിശ്വസിച്ചു. എന്നിരിക്കിലും ഹോരശാസ്ത്രത്തെ നിന്ദിക്കത്തക്ക ഒരു മനസ്ഥിതി അദ്ദേഹത്തിനുണ്ടായില്ല. അതിനാൽ ജ്യോതിശ്ശാസ്ത്രത്തിലും, ഹോരശാസ്ത്രത്തിലും, ഇതരശാസ്ത്രങ്ങളിലും പരിപൂർണ്ണമായ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള ചില ശാസ്ത്രിമാരെ പരദേശത്തു നിന്നു വരുത്തി അവസാനമായി ഒരിക്കൽ കൂടി ജാതക പരശോധനം ചെയ്യിക്കണമെന്നു കരുതി മഹാരാജാവു തിരുമനസ്സുകൊണ്ടു അക്കാലത്തെ പ്രസിദ്ധ ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ നിവാസസ്ഥാനമായ ബീജപ്പൂരിലേക്കും പാണ്ഡ്യരാജ്യത്തേക്കും ചില ദൂതന്മാരെ അയച്ചു. ക്ഷണം സ്വീകരിച്ച് അവർ ഏറെത്താമസിയാതെ തിരുവനന്തപുരത്തു വന്നുചേർന്നു.

മഹാരാജാവ്, അവർ ഒൻപതുപേരെയും പരസ്പരം അറിയാൻ പാടില്ലാത്തവിധം ഒൻപതു സ്ഥലത്തായി താമസിപ്പിച്ചുകൊണ്ടു പ്രസ്തുത നസ്രാണിക്കുട്ടിയുടെ ഓരോ നഷ്ടജാതകങ്ങൾ എഴുതുവാൻ കൽപ്പിക്കുകയും കൽപ്പനപ്രകാരം ഒരു മാസത്തിനുള്ളിൽ അവർ നഷ്ടജാതകങ്ങൾ ഒൻപതും ദൂതന്മാർ വശം മഹാരാജസന്നിധിയിലെത്തിക്കുകയും ചെയ്തു.

ശാസ്ത്രിമാരുടെ നഷ്ടജാതകങ്ങളിലേയും നമ്പൂതിരിയുടെ നഷ്ടജാതകത്തിലേയും ഗ്രഹനിലകൾ എല്ലാം തുല്യമായിരുന്നുവെങ്കിലും ജാതകശിശുവിന്റെ രാജസ്ഥാന സ്വഭാവത്തെ സംബന്ധിച്ചിടത്തോളം അവ ഭിന്ന

രീതിയെത്തന്നെ അവലംബിച്ചിരുന്നു. തന്നിമിത്തം ശാസ്ത്രിമാരെയും നമ്പൂതിരിയേയും സ്വദേശീയ പണ്ഡിതന്മാരെയും കൊട്ടാരത്തിൽ വരുത്തി ഒരു പരസ്യമായ വാദപ്രതിവാദം നടത്തേണ്ടത് അത്യാവശ്യമാണെന്നു മഹാരാജാവു നിശ്ചയിച്ചു. ഈ വാദപ്രതിവാദത്തിൽ ശാസ്ത്രിമാർ തന്നെ രാജസന്നിധിയിൽ വിജയസ്തംഭം പ്രതിഷ്ഠിച്ചു. ശിശുവിന്റെ ജനനം തിരുവിതാംകൂർ രാജസിംഹാസനത്തെ യാതൊരുതരത്തിലും ബാധിക്കയില്ലെന്നായിരുന്നു ശാസ്ത്രിമാരുടെ വിധി. എങ്കിലും ശിശു ഒരു രാജാവായി തീരുമെന്നുള്ള സംഗതിയിൽ അവർക്കാർക്കും തന്നെ ഭിന്നാഭിപ്രായമില്ലായിരുന്നു.

2

രാജകീയ കൂടിക്കാഴ്ച

കൊല്ലവർഷം 933-ാമാണ്ടു മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു സ്വർഗ്ഗാരോഹണം ചെയ്യുകയും കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു സിംഹാസനാരോഹണം ചെയ്യുകയും ചെയ്തു. തിരുമനസ്സുകൊണ്ടു പകലോമറ്റം തറവാട്ടിലെ ശിശുവിന്റെ ജാതക സംഗതിയിൽ സ്വമാതുലൻ ചെയ്യിച്ചിരുന്ന ഗാഢ പരിശോധനകൾക്ക് ഒരു ദൃക്സാക്ഷിയായിരുന്നതിനാൽ രാജതുല്യനായ ആ ശ്രേഷ്ഠപുരുഷനെ ഒരു നോക്കു കാണണമെന്നാഗ്രഹിച്ചിരിക്കവെ നമ്മുടെ കഥാനായകൻ കൊല്ലം 945-ാമാണ്ടു മിഥുനം 29-ാം തീയതി മലങ്കര മെത്രാനാവുകയും മഹാരാജ സന്ദർശനത്തിനായി വിവരം കൊട്ടാരത്തിലേക്കു എഴുതി അയയ്ക്കുകയും ചെയ്തു.

അതാതുകാലം വാഴ്ചഏൽക്കുന്ന മലങ്കര മെത്രാപ്പോലീത്തന്മാർ സ്ഥാനാരോഹണം ചെയ്തു കഴിഞ്ഞാലുടൻ മഹാരാജാക്കന്മാരെ സന്ദർശിച്ചു മടങ്ങുക എന്നുള്ളതു പുരാതനമായ ഒരു കീഴ്നടപ്പായിരുന്നു. മെത്രാപ്പോലീത്തായും മഹാരാജാവുമായുള്ള കൂടിക്കാഴ്ചയിൽ മഹാരാജാവ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഹസ്തതലത്തെ സാനുകമ്പം ഗ്രഹിച്ചുകൊണ്ടു സുറിയാനി ക്രിസ്ത്യാനികളുടെ മേലദ്ധ്യക്ഷനായ ഒരു മെത്രാപ്പോലീത്തായായിട്ടല്ല കേരളമൊട്ടുക്കു ഭരണാധികാരമുള്ള ഒരു മഹാരാജാവായിട്ടാണു താൻ ഇന്നു മെത്രാപ്പോലീത്തായെ സ്വീകരിക്കുന്നതെന്നും തന്റെ മാതുലനു ലഭിക്കാതിരുന്ന ഈ ഒരു മഹാഭാഗ്യം തനിക്കു ലഭിച്ചതിൽ വളരെ സന്തോഷമുണ്ടെന്നും പ്രസ്താവിച്ചു.

എന്തോ തെറ്റിധാരണയോടു കൂടിയാണു മഹാരാജാവ് ഇപ്രകാരം കൽപ്പിക്കുന്നതെന്നു വിചാരിച്ചു മെത്രാപ്പോലീത്താ അൽപ്പമൊന്നു പരിഭ്രമിച്ചു. താൻ പൊന്നുതമ്പുരാന്റെ സിംഹാസനത്തിനെതിരായി ഇതേവരെയ്ക്കും യാതൊന്നും ചെയ്തിട്ടില്ലെന്നും മർമ്മഭേദകമായ ഈ കൽപ്പന തന്നെ വല്ലാതെ വ്യസനിപ്പിക്കുന്നുവെന്നും മെത്രാപ്പോലീത്താ തിരുമനസ്സുണർത്തിച്ചു.

ഇതിനു മറുപടിയായി മഹാരാജാവു തിരുമനസ്സുകൊണ്ടു തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ ഭരണസീമയെക്കാൾ മെത്രാപ്പോലീത്തായുടെ ഭരണസീമ വിസ്തൃതമാണെന്നും കേരളമൊട്ടുക്കു ഭരണാധികാരമുള്ള ഒരാൾ എന്ന നിലയിൽ മെത്രാപ്പോലീത്താ ഒരു മഹാരാജാവു തന്നെയാണെന്നു താൻ വിശ്വസിക്കുന്നു എന്നും സന്തോഷസമന്വിതം കൽപ്പിച്ചു.

ഒടുവിൽ മഹാരാജാവ് സമീപത്തിൽ ഒരു പീഠത്തിൽ വെള്ളിച്ചെല്ലത്തിൽ വച്ചിരുന്ന ജാതകങ്ങൾ പത്തും വെള്ളിച്ചെല്ലത്തോടുകൂടിത്തന്നെ മെത്രാപ്പോലീത്തായിക്കു സമ്മാനിക്കുകയും ജാതക നിർമ്മാണത്തെ സം ബന്ധിച്ചുള്ള സർവസംഗതികളും സവിസ്തരം കൽപ്പിച്ചു മാർ ദീവന്നാസ്യോസിനെ വളരെ ബഹുമാനപൂർവം യാത്ര അയയ്ക്കുകയും ചെയ്തു.

കേരളത്തിലെ വിവിധ മതങ്ങളെപ്പറ്റി അന്വേഷിപ്പാനായി 1806–ൽ ഇവിടെ എത്തിച്ചേർന്ന ഡോക്ടർ ബുക്കാനൻ സായ്പ്പ് ഈ മഹാനായ മെത്രാപ്പോലീത്തായെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. “സുറിയാനിസഭയുടെ മെത്രാപ്പോലീത്തായാകുന്ന മാർ ദീവന്നാസ്യോസിന്റെ വാസസ്ഥലം (കണ്ടനാട്) ഇതാകുന്നു. മെത്രാപ്പോലീത്തായുടെ ആഗ്രഹാനുസരണം ഞാൻ അവിടെ എത്തുന്നതിനു മുൻപായി മറ്റു പള്ളികളിൽ നിന്നു വളരെ വൈദികന്മാർ അവിടെ കൂടിയിരുന്നു. പള്ളിയോടു ചേർന്നുള്ള ഒരു കെട്ടിടത്തിലാണ് മെത്രാപ്പോലീത്താ താമസിക്കുന്നത്. ആദ്യകാഴ്ചയിൽതന്നെ അദ്ദേഹത്തിന്റെ ആകൃതി എന്നിൽ നല്ലതുപോലെ പതിഞ്ഞു. കടുഞ്ചുവപ്പായ പട്ടുകൊണ്ടുള്ള ഒരു ളോഹ അദ്ദേഹം ധരിച്ചിരുന്നു. ഒരു വലിയ സ്വർണ്ണക്കുരിശും അദ്ദേഹത്തിന്റെ കഴുത്തിൽ നിന്നു തൂങ്ങിക്കിടന്നിരുന്നു. ബഹുമാനയോഗ്യമായ അദ്ദേഹത്തിന്റെ താടിമീശ അദ്ദേഹത്തിന്റെ അരക്കെട്ടിനു താഴെവരെ എത്തിയിരുന്നു. ക്രിസ്തബ്ദം നാലാം ശതകത്തിൽ ജീവിച്ചിരുന്ന സ്വർണ്ണനാവുള്ള മാർ ഈവാനിയോസ്സിന്റെ ആകൃതി ഇതുപോലെ ആയിരുന്നുവല്ലോ എന്നു ഞാൻ ഓർത്തു. പ്രധാനപ്പെട്ട അവസരങ്ങളിൽ അദ്ദേഹം സ്ഥാനത്തിനടുത്ത ചിഹ്നങ്ങളും മസ്ളീൻകൊണ്ടുള്ള ഒരു പുറംകുപ്പായവും ധരിക്കുന്നു. കൈയിൽ അദ്ദേഹത്തിന്റെ അംശവടിയും പിടിച്ചിരിക്കും. അദ്ദേഹം സഭയിൽവച്ച് ഏറ്റവും ആദരണീയമായ ഉൽകൃഷ്ട സ്വഭാവമുള്ള ആളും അസാധാരണ ദൈവഭക്തിയും തന്റെ വൈദിക കർമ്മങ്ങളിൽ വളരെ ശ്രദ്ധയും നിഷ്ഠയുമുള്ള ദേഹവുമാകുന്നു. അദ്ദേഹത്തിന്റെ സഭയിൽ ഉൾപ്പെട്ട വൈദികഗണങ്ങളിൽ എനിക്കു കാണാൻ ഇടയായിട്ടുള്ള എല്ലാവരെക്കാളും അധികം അറിവുള്ള ഒരാളായിട്ടാണു ഞാൻ അദ്ദേഹത്തെ കണ്ടത്. ഞാൻ ഈ രാജ്യത്തു വന്നതിൽ പിന്നീട് അദ്ദേഹത്തിന്റെ സഭയിലെ വൈദികന്മാരുമായുണ്ടായ എല്ലാ സംഭാഷണങ്ങളെപ്പറ്റിയും അദ്ദേഹത്തിനു അറിവു കിട്ടിയിട്ടുണ്ടെന്നും അദ്ദേഹം എന്നോടു പറഞ്ഞു. പിന്നീടു അദ്ദേഹം എന്നോടു ഇപ്രകാരം സമ്മതിച്ചു. ‘അധോഗതിയിലിരിക്കുന്ന ഒരു സഭയെ

സന്ദർശിക്കുവാൻ നിങ്ങൾ വന്നിരിക്കുന്നു. ഞാനോ ഒരു വൃദ്ധൻ. എനിക്ക് ആ ദിവസങ്ങൾ കാണാനായി ജീവിച്ചിരിപ്പാൻ സാധിക്കയില്ല. എങ്കിലും എന്റെ സഭയ്ക്കു സുവർണ്ണ കാലഘട്ടങ്ങൾ കാണ്മാൻ കഴിയുമെന്നുള്ള ആശ എന്റെ വൃദ്ധതയെ സന്തോഷിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യുന്നു.”

ഡോക്ടർ ബുക്കാനനെപ്പോലും അദ്ഭുതപ്പെടുത്തിയതായ ഇദ്ദേഹത്തിന്റെ താടിമീശ ഏകദേശം കാൽമുട്ടു വരെ നീണ്ടുകിടന്നിരുന്നതായിട്ടാണ് ചരിത്രത്തിൽ കാണുന്നത്. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പണി കഴിപ്പിച്ചിട്ടുള്ളതും അദ്ദേഹത്തിന്റെ ധന്യശരീരം സംസ്ക്കരിച്ചിരിക്കുന്നതുമായ പുത്തൻകാവു മലങ്കര സുറിയാനിപ്പള്ളിയുടെ പ്രാകാരത്തിൽനിന്നു മേൽ തട്ടിലേക്കുള്ള ഗോവണിപ്പടി ചവുട്ടിക്കയറുന്ന അവസരങ്ങളിലൊക്കെ സ്വന്തം താടിമീശയിൽ തട്ടി മറിഞ്ഞു വീണുപോകാതിരിപ്പാനായി അദ്ദേഹം മീശയെടുത്തു ഇടത്തു തോളിലേക്കിടുക സാധാരണമായിരുന്നുവെന്നു പഴമ പരിചയമുള്ള ചില വൃദ്ധന്മാരും ഈ എഴുത്തുകാരനോടു പറഞ്ഞിട്ടുണ്ട്

മഹാനുഭാവനായ ഈ മെത്രാപ്പോലീത്താ 1808 ഡിസംബർ 1–ാം തീയതി നൂറ്റുക്ക് എട്ടു പലിശയ്ക്കു ബ്രിട്ടീഷ് ഗവൺമെന്റിനെ ഏൽപ്പിച്ചിട്ടുള്ള മൂവായിരം പൂവരാഹനെ ഉദ്ദേശിച്ചാണു വട്ടിപ്പണമെന്നു സാധാരണ പറഞ്ഞു വരുന്നത്. കഥാനായകനെപ്പറ്റി ഇത്രത്തോളം ചുരുങ്ങിയ വിവരങ്ങൾ പ്രസ്താവിച്ചുകൊണ്ടു നമുക്കു കഥാരംഗത്തിലേക്കു പ്രവേശിക്കാം.

3

എഴുന്നള്ളത്തു മത്സരം

ധർമ്മരാജാവെന്നു വിഖ്യാതനായ കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവു നാടു നീങ്ങി. അനന്തരഗാമിയായ അവിട്ടം തിരുനാൾ ബാലരാമവർമ്മ മഹാരാജാവ് വഞ്ചിരാജ്യഭരണം കൈയ്യേറ്റു. 975-ാമാണ്ടു മീന മാസം പിറന്നു. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ കൊടിയേറ്റും സമീപിച്ചു.

തിരുവിതാംകൂർ മഹാരാജകുടുംബത്തിന്റെ ബഹുമാന്യനായ കുലഗുരുവും ബാലരാമവർമ്മ മഹാരാജാവിന്റെ ഗുരുപ്രവരനുമായ തരണനല്ലൂർ നമ്പൂതിരിപ്പാട്ടിലേക്കു രാജകുടുംബ സംബന്ധമായും ശ്രീപത്മനാഭസ്വാമി ക്ഷേത്ര സംബന്ധമായും പൂർവകാലം മുതൽക്കെ ലഭിച്ചിട്ടുള്ള വൈദികാധികാരം അനുസരിച്ച് ക്ഷേത്രോൽസവകാര്യത്തിനായി അദ്ദേഹത്തെ ക്ഷണിച്ചുകൊണ്ടുവരേണ്ട ആവശ്യം നേരിട്ടു. നമ്പൂതിരിപ്പാട് എഴുന്നള്ളീട്ടുവേണം കൊടിയേറ്റു നടത്താൻ. അതിലേക്കു പതിവനുസരിച്ചു മഹാരാജാവു തിരുമനസ്സിലെ പ്രതിനിധികളായി ചില മഹാബ്രാഹ്മണരെ ഹരിക്കാർ, പട്ടക്കാർ, പട്ടാളക്കാർ എന്നിവരോടൊന്നിച്ചു ബോട്ടുമാർഗ്ഗം വടക്കോട്ടേക്കയച്ചു.

നമ്പൂതിരിപ്പാട്ടിലെ എഴുന്നള്ളത്തിനായി മഹാരാജാവു തിരുമനസ്സിലെ പ്രത്യേക പള്ളിബോട്ടും അദ്ദേഹത്തിന്റെ പരിവാരങ്ങളുടെ ആവശ്യത്തിനായി പതിനൊന്നു സാധാരണ ബോട്ടുകളും ഉൾപ്പെടെ പന്ത്രണ്ടു വലിയ ബോട്ടുകൾ ഉണ്ടായിരുന്നു (ബ്രാഹ്മണർ തരണനല്ലൂർ എത്തി പതിവനുസരിച്ചു മഹാരാജാവു തിരുമനസ്സിലെ തിരുവെഴുത്തു കൊടുത്തു നമ്പൂതിരിപ്പാട്ടിലെ വിവരം അറിയിക്കുകയും ചെന്നതിന്റെ നാലാംപക്കം രാവിലെ ശുഭമുഹൂർത്തത്തിൽ നമ്പൂതിരിപ്പാടും പരിവാരങ്ങളും മറ്റുള്ളവരും കൂടി തിരുവനന്തപുരത്തേക്കു യാത്ര പുറപ്പെടുകയും ചെയ്തു.

ഓരോ അതിർത്തി സ്ഥലങ്ങളിലും നമ്പൂതിരിയേയും പരിവാരങ്ങളേയും ആഘോഷപൂർവം എതിരേറ്റു കൊണ്ടുപോയി അത്താഴസദ്യയും മുത്താഴസദ്യയും കൊടുത്തയക്കുന്നതിനു തഹശീൽദാരന്മാർ, പാർവ്വത്യകാരന്മാർ, കാര്യക്കാരന്മാർ, കുഞ്ചൂട്ടക്കാർ മുതലായവർ പോണ്ടന്മാരെയും പാണ്ടി വാദ്യക്കാരെയും കൂട്ടി മേനാവുകളുമായി കല്പനപ്രകാരം കാത്തിരിക്കയാണ്.

നമ്പൂതിരിപ്പാട്ടിലെ സ്ഥിതിയും അന്തസ്സും അനുസരിച്ച് അദ്ദേഹത്തെയും പരിവാരങ്ങളേയും എത്ര കെങ്കേമമായി എതിരേൽക്കാമോ ആ വിധത്തിൽ താന്താങ്ങളുടെ അതിർത്തിസ്ഥലങ്ങൾ കടത്തിവിടുന്നതിനാണ് ഓരോരുത്തരുടെയും ശ്രമം. എഴുന്നള്ളത്തു സംബന്ധിച്ചു വള്ളപ്പിടുത്തമുണ്ടെന്നു കേട്ടതിനാൽ കുഞ്ചുട്ടക്കാരെയും മുതൽപേരേയും പേടിച്ചു വൈക്കത്തിനു തെക്കും കൊല്ലത്തിനു വടക്കും പ്രധാന ജലാശയങ്ങളിൽ കൂടി ആരുംതന്നെ യാത്ര ചെയ്യുന്നില്ല.

കണ്ണിൽ കാണുന്ന വള്ളങ്ങളെ എല്ലാം എഴുന്നള്ളത്തു വകയ്ക്കെന്നും പറഞ്ഞു മുതൽപ്പേരങ്ങുന്നന്മാർ പിടിച്ചു കെട്ടീട്ടുണ്ട്. ഈ കൂട്ടത്തിൽ ഇരുട്ടുകുത്തി, ചുണ്ടൻ, ഓടി, പരുന്തുവാലൻ, ചുരുളൻ, ചുണ്ടുചുരുളൻ എന്നിങ്ങനെയുള്ള പലതരം ജലവാഹനങ്ങളെയും ഒട്ടുവളരെ വാലന്മാരെയും അമ്പലപ്പുഴ തഹശീൽദാർ അകമ്പടിയായി പിടികൂടീട്ടുമുണ്ട്. ഒന്നു രണ്ടു നാഴിക ദൂരത്തു നിന്നു നമ്പൂതിരിപ്പാട്ടിനെയും പരിവാരങ്ങളെയും ആഘോഷപൂർവ്വം എതിരേൽക്കണമെന്നാണു തഹശീൽദാരുടെ നിശ്ചയം.

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഇക്കാലത്തു നിരണത്തു പള്ളിയിൽ താമസിക്കയായിരുന്നു. അദ്ദേഹം കോട്ടയത്തേക്ക് എഴുന്നള്ളണമെന്നു കോട്ടയം ഇടവകക്കാർ ഇതിനിടയ്ക്ക് തുടരെത്തുടരെ അപേക്ഷകൾ അയച്ചിരുന്നുവെങ്കിലും കൃത്യാന്തരങ്ങളാൽ അങ്ങോട്ടേയ്ക്കുള്ള യാത്ര നീട്ടിവയ്ക്കേണ്ടതായിട്ടാണു തീർന്നത്. ഒടുവിൽ ഇടവകക്കാരുടെ നിർബന്ധപൂർവമായ അപേക്ഷയേ ഉപേക്ഷിക്കവയ്യെന്നു വന്നപ്പോൾ അദ്ദേഹം തീയതി നിശ്ചയിച്ചു വിവരം പള്ളിക്കാരെ തെര്യപ്പെടുത്തുകയും അവർ അദ്ദേഹത്തെ എതിരേറ്റുകൊണ്ടുപോകുന്നതിനായി വിവിധതരത്തിലുള്ള ജലവാഹനങ്ങളോടു കൂടി നിരണത്തെത്തുകയും ചെയ്തു. മെത്രാപ്പോലീത്തായുടെ ഈ കോട്ടയം യാത്ര കല്ലൂർക്കാടു വഴിയായിരിക്കണമെന്നു കല്ലൂർക്കാട് പള്ളിക്കാർക്കു നിർബന്ധമുണ്ടായിരുന്നതിനാൽ അവരും ഒട്ടുവളരെ ജലവാഹനങ്ങളോടു കൂടി നിരണത്തെത്തിച്ചേർന്നിരുന്നു.

പഴയകാലത്തെ സുറിയാനി മെത്രാന്മാരുടെ പരസ്യയാത്രകളെപ്പറ്റി ഇവിടെ അൽപം പ്രസ്താവിക്കേണ്ടതുണ്ട്. വൈദിക കർമ്മോപയുക്തങ്ങളായ നീരാളക്കുപ്പായങ്ങൾ, സ്ഥാനവസ്ത്രങ്ങൾ, മുതലവായൻമുടികൾ, സ്വർണ്ണപിടിമൊന്തകൾ, പൊൻചെല്ലങ്ങൾ, സംഗീതം, സാഹിത്യം, കായികാഭ്യാസം, പയറ്റ് എന്നിത്യാദികളിൽ വൈദഗ്ധ്യം സമ്പാദിച്ചിട്ടുള്ള സ്വജനങ്ങൾക്കു പ്രോത്സാഹനാർത്ഥം യഥാവസരം നൽകുന്നതിനു മുൻപുകൂട്ടി പണികഴിപ്പിച്ചു വച്ചിട്ടുള്ള കടുക്കൻ, മോതിരങ്ങൾ, സ്വർണ്ണപൂക്കൾ, വീരശൃംഖലകൾ, പാവുമുണ്ടുകൾ, വൈദിക കർമ്മാനുഷ്ഠാനത്തിനുള്ള മതഗ്രന്ഥങ്ങൾ, ഓലച്ചുരുളുകൾ, എഴുത്തു സാമാനങ്ങൾ, വാൾപരിചകൾ, പട്ടു

കുടകൾ, വലമ്പിരിശംഖ്, പുലിത്തോലുകൾ, ചങ്ങലവട്ടകൾ, താമ്പാളങ്ങൾ, ആലവട്ടം, വെഞ്ചാമരങ്ങൾ, ആനയമ്പാരി സാമാനങ്ങൾ, യാത്രയ്ക്കാവശ്യമുള്ള വെങ്കലപാത്രങ്ങൾ എന്നിങ്ങനെ സ്വസ്ഥാനാർഹങ്ങളായ സാമാനങ്ങൾ സംഭരിച്ചിട്ടുള്ള ചന്ദനപ്പെട്ടികൾ, നെട്ടൂർപ്പെട്ടികൾ, മേശപ്പെട്ടികൾ തുടങ്ങിയുള്ള പത്തൊമ്പതു പെട്ടികളോളം, അവയുടെയെല്ലാം മേൽനോട്ടം വഹിക്കുന്ന കെട്ടുപൂട്ടുകാർ, കാര്യസ്ഥന്മാർ, കത്തനാരന്മാർ, പന്ത്രണ്ടിൽ കുറയാതെ ശെമ്മാശന്മാർ, പിടിമൊന്തക്കാർ, ചെല്ലക്കാരന്മാർ, താക്കോൽക്കാർ, ചങ്ങലവട്ടക്കാർ, അംശവടിക്കാരൻ, സാധനം എഴുത്തുകാർ എന്നു പേർ കൊണ്ടു ഏഴെട്ടുരായസക്കാർ, അടവുകളും അഭ്യാസങ്ങളും പരിചയിച്ച പാകതവന്നിട്ടുള്ള നാൽപ്പത്തൊന്നു അംഗരക്ഷക ഭടന്മാർ, മറ്റു ഭൃത്യന്മാർ എന്നിവരോടും പഞ്ചവാദ്യങ്ങൾ, ശംഖുവിളി, കൊമ്പുവിളി, കുരവ, ആർപ്പ്, നടനടവിളി, പാവാടവിരി, തെയ്യാണ്ടു കളി (തരിമണി കിലുങ്ങുന്നതായി വെള്ളികൊണ്ടും വെള്ളോടുകൊണ്ടുമുള്ള അമ്മാനപന്തുകൾ, ഒരാൾ ഒരേ സമയം എട്ടും പത്തും ആകാശമണ്ഡലത്തിൽ എറിഞ്ഞു കളിക്കുന്ന ഒരു കളിയാണിത്), വാളേറ് എന്നിതുകളുടെ നിരന്തര പ്രയോഗത്തോടും, കോൽവിളക്കു, പഞ്ചക്കുട, കൊറ്റക്കുട, മുത്തുക്കുട, മെഴുവട്ടക്കുട എന്നിത്യാദി ബഹുമാന ചിഹ്നങ്ങളോടുംകൂടി മെത്രാപ്പോലീത്തന്മാർ പല്ലക്കുകളിലോ, മേനാവുകളിലോ കയറി പരസ്യമായി പുറപ്പെടുന്നതിനു എഴുന്നള്ളത്തെന്നും, രഹസ്യമായി പോകുന്നതിനു നീങ്ങലെന്നുമാണു സാധാരണ പറഞ്ഞു വരാറുള്ളത്.

പരസ്യയാത്ര അങ്ങാടികളിൽ കൂടിയാവുമ്പോൾ ഇരുവശത്തുമുള്ള ഗൃഹങ്ങളുടെ മുൻതിണ്ണകളിൽ നിന്നു മുറ്റത്തേക്കു പലകചാരി അതിന്മേൽ വെള്ളപ്പായും വെള്ള മുണ്ടും കരിമ്പടവും വിരിച്ചു മദ്ധ്യത്തിൽ പട്ടുതുണിയും ചാർത്തി ഇരുവശത്തും നിലവിളക്കുകളും മുകളിൽ തൂക്കുവിളക്കുകളും മുമ്പിൽ നിറകിണ്ടിയും 'വച്ചു വിധിക്കു' എന്നൊരലങ്കാരവും കൂടി നസ്രാണികൾ ചെയ്തുവരാറുണ്ട്. ഇത് ഇന്നും നടപ്പിലിരിക്കുന്ന ഒരാചാരകമാണ്. പരിഷ്ക്കാരം ഇതേവരെ ഇതിനെ സാരമായി ബാധിച്ചു കാണാത്തത് ഒരു മഹാഭാഗ്യം തന്നെ.

കൃത്യദിവസം രാവിലെ മെത്രാപ്പോലീത്തായുടെ പള്ളിബോട്ടു കോട്ടയത്തേക്കു പുറപ്പെട്ടു. എഴുന്നള്ളത്ത് എത്രയും മോടിപിടിപ്പിക്കണമെന്നു കല്ലൂർക്കാട്ടുകാരും കോട്ടയം ഇടവകക്കാരും നേരത്തെതന്നെ നിശ്ചയിച്ചിരുന്നതാണ്.

പൊന്നലുക്കിട്ട മുന്നൂറ്റിൽ ചില്വാനം കുടകൾ മുത്തുക്കുടകൾ, നെടുകുടകൾ, മെഴുവട്ടക്കുടകൾ, കൊടികൾ, കുരിശുകൾ, പാലാക്കുടകൾ, പാണ്ടിവാദ്യങ്ങൾ, ചെണ്ടമേളങ്ങൾ എന്നിവയോടുകൂടിയ ഒട്ടുവളരെ ചുണ്ടൻ

വള്ളങ്ങളോടു കൂടിയുള്ള ഈ ഘോഷയാത്ര അതത് ഇടവകക്കാരുടെ ധന ശക്തിയുടെയും, സ്വാധീനശക്തിയുടേയും പ്രത്യക്ഷലക്ഷ്യമായി തന്നെ പ്രകാശിച്ചു.

ഘോഷയാത്ര ചമ്പക്കുളം കഴിഞ്ഞു വടക്കോട്ടു നീങ്ങി. ആറും പരിസര പ്രദേശങ്ങളും മുഴക്കിയുള്ള ആർപ്പുവിളികളും, വാദ്യമേളങ്ങളും, വഞ്ചിപ്പാട്ടുകളും, നടനട വിളിയും അതിദൂരത്തിൽ മാറ്റൊലിക്കൊണ്ടു.

കുറച്ചു സമയത്തിനുള്ളിൽ അമ്പലപ്പുഴ തഹശീൽദാരുടെ മേൽനോട്ടത്തിൽ മുൻപോട്ടേക്കു പാഞ്ഞുവരുന്ന തരണനല്ലൂർ നമ്പൂതിരിപ്പാട്ടിലെ എഴുന്നള്ളത്തു ബോട്ടുകളും അകമ്പടി ബോട്ടുകളും എതിരേൽപ്പുവള്ളങ്ങളും ദൂരവെ കാണുമാറായി.

ആറടച്ചു മുൻപോട്ടേക്കു പാഞ്ഞുവരുന്ന ഘോഷയാത്രാ വാഹനങ്ങൾ കണ്ട് അന്യോന്യം ആൾ അറിവാൻ നിവൃത്തിയില്ലാത്ത നിലയിൽ രണ്ടു കൂട്ടരും വല്ലാതെ പരിഭ്രമിച്ചു തുടങ്ങി. ഒരേ സമയം ഇരുപാട്ടുകാർക്കും ഒരുമിച്ചു കടന്നുപോവാൻ വയ്യാത്തവിധം ജലവാഹനങ്ങളുടെ സംഖ്യ ഇരു വശത്തും അതിബഹുലവുമാണ്. ഏതെങ്കിലും ഒരു കൂട്ടർ പുരോഗമനം നിറുത്തി ഇരു തീരങ്ങളിലേക്കും ഒന്നൊതുക്കിക്കൊടുക്കാത്തപക്ഷം മറുഭാഗക്കാർക്കു സമാധാനഭംഗം കൂടാതെ കടന്നുപോകയെന്നുള്ളതു പ്രയാസം. തമ്മിൽ കൂട്ടിമുട്ടുന്നതിനു മുൻപു യാത്ര നിറുത്തുവാനായി ഏതെങ്കിലും ഒരു കൂട്ടർക്കു മുന്നറിവു കൊടുപ്പാൻ നിവൃത്തിയില്ലാത്തവിധം രണ്ടു കൂട്ടരുടെയും പുരോഗതി അതിശീഘ്രത്തിലാണു താനും.

തെക്കോട്ടുള്ള എഴുന്നള്ളത്തു തിരുവിതാംകൂർ മഹാരാജകുടുംബത്തിന്റെ സാക്ഷാൽ കുലഗുരുവായ ബ്രഹ്മശ്രീ തരണനല്ലൂർ നമ്പൂതിരിപ്പാട്ടിലെതാണെന്ന് അറിയുന്ന നിമിഷത്തിൽ മറുകക്ഷികൾ അവരുടെ ജലവാഹനങ്ങൾ പിന്നോക്കം പായിച്ച് വല്ല ഉൾഭാഗങ്ങളിലും നിൽക്കുമെന്നു നമ്പൂതിരിപ്പാട്ടിലെ ഭാഗത്തുള്ളവരും, തിരുവിതാംകൂർ മഹാരാജാവൊഴിച്ച് മറ്റാരു തന്നെയായിരുന്നാലും, എഴുന്നള്ളുന്ന ദേഹം മലങ്കര ഇടവകയുടെ വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളാണെന്ന് അറിയുന്ന ക്ഷണത്തിൽ യാത്രക്കാർക്കു യാതൊരു പ്രതിബന്ധവുമുണ്ടാകാതെ അവർ വഴിമാറിത്തന്നുകൊള്ളുമെന്നു മെത്രാപ്പോലീത്തായുടെ ഭാഗത്തുള്ളവരും അന്യോന്യം വിശ്വസിച്ചിരിക്കയുമാണ്. മഹാരാജാവു തിരുമനസ്സു കൊണ്ടു തിരുവനന്തപുരത്തുള്ളതായി മെത്രാപ്പോലീത്തായ്ക്കു ദൃഢനിശ്ചയമുള്ളതുകൊണ്ടു മെത്രാപ്പോലീത്താക്കക്ഷികളുടെ യാത്ര നല്ല മൂച്ചിലാണു താനും.

അല്പനിമിഷത്തിനുള്ളിൽ ആകാശമണ്ഡലം കൂടി കിടുക്കുമാറുള്ള ഗംഭീരഘോഷധ്വനികളോടും ആർപ്പുവിളികളോടും കലാശമേള ബഹളങ്ങ

ളോടും കൂടി രണ്ടുകൂട്ടരുടെയും ജലവാഹനങ്ങൾ അന്യോന്യം കൂട്ടിമുട്ടി. ഓളപ്രഹരങ്ങളുടെ പരസ്പര സംഘട്ടനംകൊണ്ടു ചില കളിവള്ളങ്ങൾ താനെ മുങ്ങി. ചിലതു വല്ലാതെ കൂട്ടിമുട്ടി മറിഞ്ഞു. ബഹളം ശമിക്കുന്നതിലേക്കു കുറച്ചധികം സമയം വേണ്ടി വന്നു.

ബോട്ടുകളിലെ പ്രധാന യാത്രക്കാർ ആരെല്ലാമാണെന്ന് ഇരുകൂട്ടർക്കും മനസ്സിലായി. അല്പമൊരു ശാന്തതയും പരന്നു. അമ്പലപ്പുഴ തഹശീൽദാർ ഒരു പരദേശ ബ്രാഹ്മണനായിരുന്നു. അദ്ദേഹം മുമ്പോട്ടുവന്നു മെത്രാപ്പോലീത്തായുടെ കാര്യസ്ഥനായ കത്തനാരോടു അവരുടെ ജലവാഹനങ്ങളെല്ലാം പിന്നോക്കം നീക്കി പമ്പയുടെ വല്ല ഒഴിഞ്ഞകോണുകളിലും കൊണ്ടൊതുക്കി വഴിമാറിക്കൊള്ളണമെന്ന് ആവശ്യപ്പെട്ടു. ഇതിനു മറുപടിയായി കാര്യസ്ഥൻ കത്തനാർ, ബോട്ടിൽ എഴുന്നള്ളുന്നത് മലയാളത്തിന്റെ വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായാണെന്നും, അദ്ദേഹത്തിന്റെ ബോട്ട് പിന്നോക്കം വിടുകയെന്നുള്ളതു പ്രയാസമാണെന്നും അങ്ങനെയുള്ള അപമാനകരമായ പ്രവൃത്തി ചെയ്‌വാൻ കേരളത്തിലുള്ള മഹാരാജാക്കന്മാർ കൂടിയും മെത്രാപ്പോലീത്തായോട് ആവശ്യപ്പെടുന്നതല്ലെന്നും ഇരു കൂട്ടർക്കും തങ്ങളുടെ ആത്മാഭിമാനത്തിനും അന്തസ്സിനും കുറവു കൂടാത്ത നിലയിൽ അവരവരുടെ ജലവാഹനങ്ങൾ പിന്നോക്കം നീക്കി ഇരുതീരങ്ങളിലും നീളവെ ഓരോന്നായി അണച്ചൊതുക്കി നിറുത്തിയശേഷം ബോട്ടുകളും വള്ളങ്ങളും ഓരോന്നായി കടത്തിവിടാമെന്നും രണ്ടുകൂട്ടരുടെയും മാനത്തെ പരിരക്ഷിക്കുന്നതിനും സമാധാനമായി കടന്നുപോകുന്നതിനും ഇതിലധികമായ ഒരു അത്യുത്തമമാർഗ്ഗം തന്റെ വൃദ്ധബുദ്ധിയിൽ വേറെ തോന്നുന്നില്ലെന്നും പ്രസ്താവിച്ചു.

ചെറുപ്പക്കാരനായ തഹശീൽദാർക്ക് ഇതൊട്ടും രസിച്ചില്ല. തന്റെ അധികാരാതിർത്തിയിൽ വച്ചു പ്രബലങ്ങളായ ഏതു പ്രതിബന്ധങ്ങളേയും പ്രയാസലേശമെന്യേ പരിഹരിച്ചു മഹാരാജാവു തിരുമനസ്സിലെ കുലഗുരുവിനെ ബഹുമാനപൂർവം കടത്തിവിടുന്നതിനു താൻ ശക്തനാണെന്നും തന്റെ ആജ്ഞാപനത്തെ അനുസരിക്കാൻ മനസ്സില്ലെങ്കിൽ തന്റെ അധികാരശക്തി പ്രയോഗിച്ചു മെത്രാപ്പോലീത്തായുടെ എഴുന്നള്ളത്തുബോട്ടിനേയും അകമ്പടിവള്ളങ്ങളേയും പിന്നോക്കം പായിക്കുമെന്നും അദ്ദേഹം ഗൗരവസ്വരത്തിൽ പറഞ്ഞു. ഇതിനും പുറമെ മെത്രാപ്പോലീത്തായെ തന്നെ മുഖദാവിൽ കാണണമെന്നും കാര്യസ്ഥൻ കത്തനാരെ ധരിപ്പിച്ചു. മെത്രാപ്പോലീത്താ പള്ളിബോട്ടിനുള്ളിൽ സ്വൈരനിദ്ര ചെയ്യുന്നതിനാൽ തൽക്കാലം കാണുന്നതിനു പ്രയാസമാണെന്നും ബലപ്രയോഗംകൊണ്ടു തങ്ങളെ മടക്കി അയക്കാമെന്നു വിചാരിക്കുന്നത് അപകടകരമാണെന്നും അദ്ദേഹം വിനയപൂർവം ഉച്ചരിച്ചു.

യാത്രയ്ക്കു നേരിട്ട തടസ്സവും ചുറ്റുപാടും നടക്കുന്ന ബഹളങ്ങളും വ്യക്തമായിട്ടൊന്നും മനസ്സിലാകായ്കയാൽ തരണനല്ലൂർ നമ്പൂതിരിപ്പാട്ടിലെ കൂടെ ബോട്ടിലുണ്ടായിരുന്ന തിരുവനന്തപുരം ബ്രാഹ്മണർ, തഹശീൽദാരെ സമീപത്തു വരുത്തി കഥകൾ ശരിക്കു മനസ്സിലാക്കീട്ടു താമസിപ്പാൻ നിവൃത്തിയില്ലെന്നും ക്ഷണത്തിൽ നിവൃത്തിമാർഗ്ഗം ഉണ്ടാക്കി യാത്ര തുടരണമെന്നും ആജ്ഞാപിച്ചു.

രാജഗുരുവായ വൈദികശ്രേഷ്ഠന്റെ എഴുന്നള്ളത്തു നിർബാധം തുടരുവാൻ വയ്യാത്തവിധം തന്റെ അധികാരാതിർത്തിയിൽ താൻ കേവലം അപ്രാപ്തനും അലസനുമായ ഒരു ഉദ്യോഗസ്ഥനാണെന്നു വരുന്നതു വലുതായ കുറച്ചിലും പോരായ്മയുമാണെന്നു മാത്രമല്ല താൻ മഹാരാജാവു തിരുമനസ്സിലെ അതികഠിനമായ തിരുവുള്ളക്കേടിനു പാത്രീഭവിക്കയും ചെയ്യുമല്ലോ എന്നുള്ള വിചാരം തഹശീൽദാരെ വല്ലാതെ വിഷമിപ്പിച്ചു. ഓരോ നിമിഷം കഴിയുന്തോറും അദ്ദേഹത്തിനു വാശിയും കോപവും വർദ്ധിച്ചു തുടങ്ങി.

ആജ്ഞ കിട്ടിയ ക്ഷണത്തിൽ തഹശീൽദാർ എഴുന്നള്ളത്തു ബോട്ടിലുണ്ടായിരുന്ന ചില പ്രധാനന്മാരോടും പത്തിരുപതു കുഞ്ചൂട്ടക്കാരോടും കൂടി കാര്യസ്ഥൻ കത്തനാരുടെ ബോട്ടിലേക്കു വന്നു. അദ്ദേഹം ഇങ്ങനെ ഉത്തരവായി. "സമയം കളവാൻ നിവൃത്തിയില്ല. മെത്രാപ്പോലീത്തായുടെ ബോട്ടും അകമ്പടി വാഹനങ്ങളും തൽക്ഷണം കാൽ മൈൽ ദൂരമെങ്കിലും പിന്നോക്കം പോയി വിസ്താരമുള്ള വല്ല ഉൾഭാഗങ്ങളിലും ഞാൻ കുഞ്ചൂട്ടക്കാരെ അയച്ച് അറിയിക്കുന്ന സമയംവരെ കടന്നുനിന്നുകൊള്ളണം. ഇപ്പോൾതന്നെ ഇരുഭാഗക്കാർക്കും സ്വൈരമായി കടന്നുപോകാൻ സൗകര്യമുണ്ടെന്നിരിക്കിൽ തന്നെയും രാജഗുരുവിന്റെ എഴുന്നള്ളത്തിനെതിരായി തത്തുല്യമായ വേറൊരു ഘോഷയാത്ര കടന്നുപോവുകയെന്നുള്ളത് അനുവദിക്കാൻ പാടില്ലാത്തതായ ഒരു ധിക്കാര കൃത്യമാണ്. അതിനാൽ വെറുതെ അതും ഇതും പറവാൻ ഉദ്യമിക്കാതെ ക്ഷണത്തിൽ ഉത്തരവനുസരിച്ചുകൊള്ളണം, ക്ഷണം."

കാര്യസ്ഥൻ കത്തനാർ പ്രതിവചിച്ചു. "തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടും അത്യധികം ബഹുമാനിക്കുന്ന രണ്ടു മഹാന്മാരുടെ എഴുന്നള്ളത്തു ബോട്ടുകളാണു കൂട്ടിമുട്ടീട്ടുള്ളത്. രണ്ടുപേരുടെയും യാത്രയെ സുഖകരവും നിർബാധകവുമാക്കിത്തീർക്കാനുള്ള ചുമതല ഒരു നിഷ്പക്ഷവാദിയായ സർക്കാരുദ്യോഗസ്ഥൻ എന്ന നിലയിൽ തഹശീൽദാരിൽ സ്ഥിതിചെയ്യുന്നുണ്ടെന്നാണ് എന്റെ വിശ്വാസം. അതിനാൽ രണ്ടു കൂട്ടർക്കും മാനമായി കടന്നുപോകുന്നതിനുള്ള മാർഗ്ഗങ്ങളെ കുറിച്ചത്രെ ഇവിടെ ആലോചിക്കാനുള്ളത്. ഒരു ഭാഗത്തെ എഴുന്നള്ളത്തു മറുഭാഗത്തേക്ക് അപമാനകരമാണെന്നു വിചാരിപ്പാൻ നിവൃത്തിയില്ലാത്തവിധം രണ്ടുപേരും

വൈദികാധികാരിത്വത്തിൽ തുല്യന്മാരും പെരുമ പെറ്റവരുമായതിനാൽ ഒരു കക്ഷിക്കു പെയ്യുവാൻ അപമാനമെന്നു തോന്നുന്നതായ ഏതെങ്കിലും കൃത്യം മറുകക്ഷികൾ ചെയ്യുവാൻ ആജ്ഞാപിക്കയെന്നതും ധർമ്മവിരുദ്ധമായ ഒരു പ്രവൃത്തിയാണെന്നു തന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. അതിനാൽ ആറടച്ചു കിടക്കുന്നതായ ബോട്ടുകളും അകമ്പടി വാഹനങ്ങളും അന്യോന്യം കടന്നുപോകുന്നതിനു സൗകര്യം ലഭിക്കത്തക്കനിലയിൽ അവകളെ ഇരു ഭാഗക്കാരും പിന്നോക്കം പിന്നോക്കം നീക്കി നെടുനീളത്തിൽ ഓരോന്നായി കരയോടു ചേർത്തണച്ചു നിറുത്തുകയോ അതിനു കഴിവില്ലെങ്കിൽ ഒരു ബോട്ടിനു കടന്നുപോകാൻ മാത്രമെങ്കിലും സ്ഥലമൊഴിച്ചിട്ടു കൊണ്ട് ഇരുഭാഗത്തു നിന്നും ഓരോ ഉരുക്കൾ അന്യോന്യം കടത്തിവിടുകയോ ചെയ്യുവാൻ ഉൽസാഹിക്കുന്നതാണു എല്ലാംകൊണ്ടും ഉചിതമായിട്ടുള്ളത്. മെത്രാപ്പോലീത്തായുടെ എഴുന്നള്ളത്തിനെപ്പറ്റി പറയുകയാണെങ്കിൽ മറുഭാഗത്തു നിന്നു അനുഷ്ഠിക്കാത്തതായ യാതൊരു കൃത്യങ്ങളും ചെയ്യുവാൻ ഈ അവസരത്തിൽ ഞങ്ങൾക്ക് കഴിവുള്ളതല്ല. 'ഒരുമയുണ്ടെങ്കിൽ ഉലക്കമേലും ആകാം' എന്നാണല്ലോ പഴമൊഴിയും."

തഹശീൽദാർ ഇതു കേട്ടഭാവം കൂടി നടിക്കാതെ മെത്രാപ്പോലീത്തായുടെ ബോട്ടിലെ സ്രാങ്കിനോടു ബോട്ട് പിന്നോക്കം തിരിച്ചുവിടാൻ ഉത്തരവായി. കാര്യസ്ഥൻ കത്തനാർ ആജ്ഞാപിക്കാതെ താൻ അത് ചെയ്കയില്ലെന്നു സ്രാങ്ക് ധൈര്യപൂർവം മറുപടി പറഞ്ഞു. തഹശീൽദാർ അത്യന്തം രൂക്ഷസ്വരത്തിൽ കാര്യസ്ഥൻ കത്തനാരെ ആമത്തിൽ വയ്ക്കുന്നതിനും സ്രാങ്കിനെ ബോട്ടിന്റെ തട്ടുപടിയോടു ചേർത്തു ബന്ധിക്കുന്നതിനും ആജ്ഞ കൊടുത്തു.

പണ്ടത്തെ കാലത്തെ പോലീസുകാരാണു കുഞ്ചൂട്ടക്കാരെന്നുള്ള സംഗതി വായനക്കാർ ഇവിടെ ഓർത്തിരിപ്പാനുള്ളതാണ്. 'വെട്ടൊന്നു കണ്ടം രണ്ട്' എന്നുള്ള പ്രമാണത്തെ സഫലമാക്കുന്നതായ ഏതു സാഹസകൃത്യവും ചെയ്യുവാൻ ആ കൂട്ടർ അശേഷം മടിയുള്ളവരുമല്ല. ഉത്തരവു പുറപ്പെട്ട ക്ഷണത്തിൽ കുഞ്ചൂട്ടക്കാർ സ്രാങ്കിനെ ബന്ധിപ്പാനായി അയാളുടെ കൈകൾ പിമ്പോട്ടു പിടിച്ചതും കാര്യസ്ഥൻ കത്തനാരുടെ ഒരു ഗൂഢസംജ്ഞാപനം അനുസരിച്ചു മെത്രാപ്പോലീത്തായുടെ അംഗരക്ഷകഗണത്തിൽപ്പെട്ട പടത്തരകൻ താരു, കല്ലൂർക്കാട്ടുകൊമ്പൻ, ഇരുപ്പൂട്ടിക്കുട്ടി, ഇരുമ്പനിട്ടി, ഊക്കൻ തൊമ്മി എന്നിവർ കൂടി ചില അടവു പ്രയോഗം കാട്ടി കുഞ്ചൂട്ടക്കാർ എട്ടുപേരെയും പമ്പാസരിത്തിലേക്ക് എറിഞ്ഞുകളഞ്ഞതും ഒപ്പം കഴിഞ്ഞു.

സംഗതികളുടെ മട്ട് ആകപ്പാടെ മാറി. പരക്കെ ഒരു വല്ലാത്ത സംഭ്രമം വ്യാപിച്ചു. തരണനല്ലൂർ നമ്പൂതിരിപ്പാടു ബോട്ടിന്റെ കട്ടിളവാതിൽ തുറന്നിട്ട്

ഈ സംഭവങ്ങളെല്ലാം നോക്കിക്കൊണ്ടിരിക്കയുമാണ്. ഓരോ നിമിഷം കഴിയുന്തോറും സംഗതികൾ അപകടനിലയിലേയ്ക്കു പൊയ്ക്കൊണ്ടിരിക്കുന്നതായി കാര്യവിവരമുള്ളവർക്കൊക്കെ തോന്നിത്തുടങ്ങി.

4

പുരാതന നസ്രാണികളുടെ ആയോധന സാമർത്ഥ്യം

പുരാതന നസ്രാണികൾ വാണിജ്യവൃത്തിയിലെന്നതിന്മണ്ണം തന്നെ ആയോധനവിദ്യയിലും അതിചതുരന്മാരായിരുന്നുവെന്നുള്ളത് പ്രസിദ്ധമാണല്ലോ. പതിനെട്ടടവ് അതായത് ഓതിരം, കടകം, ചടുലം, മണ്ഡലം, വൃത്തചക്രം, സുങ്കോളം, വിജയം, വിശ്വമോഹനം, തിര്യക്ക്മണ്ഡലം, ഗദയാഖേടഗഹ്വരം, ശത്രുഞ്ജയം, സൌഭദ്രം, പടലം, പുരഞ്ജയം, കായവൃദ്ധി, ശിലാഖണ്ഡം, ഗദാശാസ്ത്രം, അനുത്തമം എന്നിതുകളൊക്കെ ശരിക്കഭ്യസിച്ചു പയറ്റി തഴക്കം വന്നിട്ടുള്ള കുലീനകുടുംബാംഗങ്ങൾക്കു മാത്രമേ അക്കാലത്തു മെത്രാപ്പോലീത്തന്മാരുടെ അംഗരക്ഷക സൈന്യത്തിൽ പ്രവേശം ലഭിച്ചിരുന്നുള്ളു.

പഴയകാലത്തു നസ്രാണിസ്ത്രീകളും ആയുധാഭ്യാസം പരിശീലിച്ചിരുന്നുവെന്ന് കേൾക്കുന്നത് ഇന്നത്തെ പൂമൃദുമേനികളായ നസ്രാണിയുവതികൾക്ക് അദ്ഭുതകരമായി തോന്നാമെന്നിരുന്നാലും ദീർഘായുഷ്മാനായി ജീവിച്ചിരിക്കുന്ന നിയമനിർമ്മാണസഭാ മെമ്പർ ഇലഞ്ഞിക്കൽ മിസ്റ്റർ തര്യതു കുഞ്ഞിത്തൊമ്മന്റെ പ്രിയ മാതാവ് ചെറുപ്പകാലത്തു കച്ചകെട്ടി, ഖഡ്ഗപരിശീലനം ചെയ്തിരുന്നുവെന്ന് അറിയുന്നതു പലർക്കും സന്തോഷാവഹമായിരിക്കുമെന്നു വിശ്വസിക്കുന്നു.

പുരാതന നസ്രാണികളുടെ ആയോധന സാമർത്ഥ്യത്തെപ്പറ്റി പ്രസിദ്ധ ചരിത്രകാരനായ ഗിബ്സൺ ഇപ്രകാരം പ്രസ്താവിക്കുന്നു: "ആയുധാഭ്യാസത്തിലും കലാവിദ്യകളിലും പക്ഷേ സന്മാർഗ്ഗനിഷ്ഠയിലും അവർ (സുറിയാനിക്കാർ) ഹിന്ദുസ്ഥാനത്തിലെ സ്വദേശികളെക്കാൾ ഉൽക്കർഷം പ്രാപിച്ചവർ ആയിരുന്നു. കൃഷിക്കാർ തെങ്ങു കൃഷിചെയ്തുവന്നു. അവരുടെ പടയാളികൾ കുലീനന്മാരായ നായന്മാരേക്കാൾ മുമ്പന്മാരായിരുന്നു. സാമൂതിരിയും കൊച്ചിരാജാവും ഭയംകൊണ്ടോ ഉപകാരസ്മരണ കൊണ്ടോ അവരുടെ പാരമ്പര്യ പദവികളെ ബഹുമാനിച്ചു പോന്നിരുന്നു (Decline and fall of the Roman Empire, Vol iii, P. 337). "പിശാങ്കത്തി, വാൾ, കുന്തം, വെടിക്കുഴൽ

എന്നീ വക ആയുധങ്ങളിൽ ഏതെങ്കിലും ഒന്നെടുക്കാതെ അവർ വീട്ടിനു വെളിയിൽ ഇറങ്ങുക ചട്ടമില്ലായിരുന്നു. പള്ളിയിൽ പോകുന്ന സമയം കൂടി ആയുധങ്ങൾ കൊണ്ടുപോവുക പതിവായിരുന്നു. ദിവ്യാരാധനയുള്ള സന്ദർഭങ്ങളിൽ അവരുടെ പള്ളികളുടെ പുമുഖങ്ങൾ കണ്ടാൽ ആയുധശാലകളാണോ എന്നു തോന്നിപ്പോവും. യുദ്ധസേവയുണ്ടായിരുന്നതിനാൽ നികുതി കൊടുപ്പാൻ അവർ ബാധ്യസ്ഥരായിരുന്നില്ല (The life history of missionaries written by Bishop Middleton, p. 5-55).

"സുറിയാനി ക്രിസ്ത്യാനികൾക്കും കളരികളും പണിക്കരന്മാരും കച്ചകെട്ടും ആയുധാഭ്യാസവും മറ്റുമുണ്ടായിരുന്നു. ക്രിസ്ത്വബ്ദം 1599-ൽ ഉദയമ്പേരൂർ വച്ചുണ്ടായ വലിയ സിനഡ് എന്ന വലിയ സഭയിലെ നിബന്ധനയാൽ വിരോധിക്കപ്പെടുന്നതുവരെ സുറിയാനി ക്രിസ്ത്യാനികൾ ഓണക്കളി മുതലായതിൽ ചേർന്നിരുന്നു. കൊച്ചി രാജാവിന്റെ കല്പനയ്ക്ക് ഉദ്ദേശം അൻപതിനായിരം സുറിയാനി ക്രിസ്ത്യാനികളോളം യുദ്ധസന്നദ്ധരായി ആയുധങ്ങളോടു കൂടി പുറപ്പെടുവാൻ സാധിച്ചിരുന്നു (റവ. ജെ. ഹഫ്, പുറം 222, കെ. പി. പത്മനാഭമേനവന്റെ *കൊച്ചി രാജ്യ ചരിത്രം*, പുറം 85).

അമ്പലപ്പുഴ തഹശീൽദാർ രോഷാകുലനായി വൃദ്ധൻ കത്തനാരെ സൂക്ഷിച്ചുനോക്കിയിട്ടു ദൃഢനിശ്ചയത്തെ സൂചിപ്പിക്കുന്ന മുഖഭാവത്തോടു കൂടി നമ്പൂതിരിപ്പാട്ടിലെ പള്ളിബോട്ടിലേക്കു നടകൊണ്ടു. അദ്ദേഹത്തിന്റെ സ്ഥാനമാറ്റം പട്ടാളക്കാരെയും കുട്ടക്കാരെ കുഞ്ചൂട്ടക്കാരെയും കൂട്ടിക്കൊണ്ടു വരുവാനാണെന്നു കാര്യസ്ഥൻ കത്തനാർക്ക് അപ്പോൾതന്നെ മനസ്സിലായി. ബോട്ടിനുള്ളിൽ സ്വൈര നിദ്ര ചെയ്തിരുന്ന മെത്രാപ്പോലീത്താ ഈ അവസരത്തിൽ ഉണരുകയും കഥകളെല്ലാം കാര്യസ്ഥനിൽ നിന്നു മനസ്സിലാക്കുകയും ചെയ്തു. മേൽ നടപടി ഏതു വിധത്തിലായിരിക്കണമെന്ന് അവർ അപ്പോൾതന്നെ തീർച്ചപ്പെടുത്തി.

തൽക്ഷണം മെത്രാപ്പോലീത്തായുടെ അംഗരക്ഷകസൈന്യത്തിന്റെ നായകനായ മൂവാറ്റുപുഴ കാരക്കുന്നത്തു പറക്കമല്ലൻ പണിക്കർ, പ്രധാന ഭടന്മാരായ പെരിയ കുട്ടിപ്പിള്ള, പെരുകയ്യൻ വാറു, എറപ്പുഴ കരിങ്കരടി പോത്ത, പടപൊടിപ്പൻ ചാണ്ടി, പണിക്കടേത്തു പുലിക്കുട്ടി, ചോളോത്തി ചുമ്മാർ, അമ്പുക്കൻ തൊമ്മൻ, ആലങ്ങാട്ടു ചാണ്ടപ്പിള്ള എന്നിവരോടൊന്നിച്ച് അകമ്പടി വാഹനങ്ങളുടെ മുകളിലൂടെ മുൻപുപിൻപു മറിഞ്ഞു തഹശീൽദാർക്കു മുമ്പിലായി നമ്പൂതിരിപ്പാട്ടിലെ സന്നിധിയിലെത്തി. പ്രസിദ്ധനായ പറയ്ക്കമല്ലൻ പണിക്കർ കൈവശമുണ്ടായിരുന്ന അധികാരഖഡ്ഗത്തോടും അതിവിസ്തൃതമായ ശൂലപരിശയോടും കൂടി ആകാശമണ്ഡലത്തിലൂടെ പറന്നുചെന്നതായിട്ടാണു പറയുന്നത്.

എല്ലാവരുംകൂടി നമ്പൂതിരിപ്പാട്ടിലെ സന്നിധിയിൽ താണുതൊഴുതു ഓച്ഛാനിച്ചു നിന്നു. പറയ്ക്കമല്ലൻ പണിക്കർ ബോട്ടിന്റെ വാതിലിനോടു സമീപിച്ചു. രണ്ടുകൂട്ടരുടെയും അന്തസ്സിനും പെരുമയ്ക്കും അനുയോജ്യമായ നിലയിൽ കടന്നുപോകുന്നതിലേക്കു കാര്യസ്ഥൻ കത്തനാർ നിർദ്ദേശിച്ചതായ രണ്ടു മാർഗ്ഗങ്ങളെയും വിനയസ്വരത്തിൽ ഉണർത്തിച്ചു. എല്ലാം സശ്രദ്ധം ശ്രവിക്കുന്നു എന്ന മട്ടിൽ നമ്പൂതിരിപ്പാടു മൗനമുദ്രയോടു കൂടി സാവധാനം ശിരസ്സ് ചലിപ്പിക്കുക മാത്രം ചെയ്തു. അദ്ദേഹത്തിന്റെ ദൃഷ്ടികൾ പണിക്കരുടെയും സഹഭടന്മാരുടെയും മുഖത്തും ഉജ്ജ്വലിക്കുന്ന വീരരസഗാംഭീര്യത്തിലും ബലിഷ്ഠതയിലും ഭീമകായത്വത്തിലും തീക്ഷ്ണനേത്ര രൂക്ഷതയിലും ആശങ്കാപൂർവം പര്യടനം ചെയ്കയായിരുന്നു.

തഹശീൽദാർക്കാകട്ടെ പണിക്കരുടെ പ്രസ്താവനകൾ ഒന്നും അശേഷം രസിച്ചില്ല. അദ്ദേഹം അധികാരസ്വരത്തിൽ നമ്പൂതിരിപ്പാടു കൂടി കേൾക്കത്തക്കവണ്ണം അന്തിമമായി തൃപ്പാപ്പൂർ സ്വരൂപത്തിലെ പരദേവതാലയമായ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ കൊടിയേറ്റിനായി പൊന്നുതമ്പുരാൻ തിരുമനസ്സിലെ കുലഗുരുവായ ഈ തിരുമനസ്സുകൊണ്ടു കൽപ്പനപ്രകാരം അതിർത്തി സ്ഥലങ്ങളിലെ ആഘോഷപൂർവമായ അകമ്പടിയോടു കൂടി എഴുന്നള്ളുന്നതായ ഈ സന്ദർഭത്തിൽ ബൌദ്ധന്മാരുടെ ഒരു മെത്രാൻ യാതൊരു ആചാരോപചാരവും കൂടാതെ വലിയ സന്നാഹത്തോടും വാദ്യഘോഷങ്ങളോടും കൂടി എഴുന്നള്ളത്തിനെ മുറിച്ചു പോകുകയെന്നുള്ളത് എത്രയും ധിക്കാരപൂർവമായ ഒരു പ്രവൃത്തിയാണെന്നും, ഇത് ഈ തിരുമേനിയെയല്ല നാടുവാഴുന്ന പൊന്നുതമ്പുരാൻ തിരുമേനിയെത്തന്നെ അധിക്ഷേപിക്കുന്ന ഒന്നാണെന്നും എല്ലാവരും ഓർത്തുകൊള്ളണമെന്നും കാര്യസ്ഥൻ കത്തനാരോടു പറഞ്ഞിട്ടുള്ളവിധം ഉടൻ പ്രവർത്തിക്കാത്തപക്ഷം എല്ലാവരെയും താൻ അതികഠിനമായി ശിക്ഷിക്കുന്നതാണെന്നും ആജ്ഞാപിച്ചു.

ഇതിനൊരു മറുപടി എന്ന നിലയിൽ എഴുന്നള്ളുന്ന രണ്ടു തിരുമേനികളും രണ്ടു പലങ്ങളുടെയും പൂജനീയന്മാരായ വൈദികാധികാരികളാണെന്നും, മറ്റെന്തെല്ലാം പ്രതികൂല ന്യായങ്ങൾ പറവാനുണ്ടായിരുന്നാലും ഏതൊരവസരത്തിലും അന്യോന്യം ബഹുമാനിപ്പാൻ ഇതിലും മികച്ചതായ ഇതര കാരണങ്ങൾ അന്വേഷിക്കേണ്ടതില്ലെന്നും രണ്ടു തിരുമേനികളുടെയും മാനത്തിനും പ്രതാപത്തിനും സൽക്കീർത്തിക്കും യോജിക്കാത്ത നിലയിൽ മെത്രാപ്പോലീത്തായെ ബലാൽക്കാരപൂർവം അപമാനിച്ചിട്ടു തിരുവനന്തപുരത്തേയ്ക്ക് എഴുന്നള്ളണമെങ്കിൽ പള്ളിബോട്ട്, പമ്പയാറ്റിൽ കൂടിയല്ല പമ്പയിലെ കട്ടച്ചോരപ്പുഴയിൽക്കൂടി മാത്രമേ തെക്കോട്ടു പോകയുള്ളു എന്നു മെത്രാപ്പോലീത്തായുടെ അംഗരക്ഷകസൈന്യത്തിന്റെ നായകൻ എന്ന നിലയിൽ പറയ്ക്കമല്ലൻ പണിക്കർ വിടകൊള്ളുന്നു എന്നും വിനയപൂർവം അറി

യിച്ചു. പണിക്കർ ഇതിനു യാതൊരു പ്രത്യുത്തരവും പ്രതീക്ഷിക്കാതെ സഹഭടന്മാരോടുകൂടി താണുതൊഴുതിട്ടു വന്നതുപോലെതന്നെ മടങ്ങിപ്പോയി.

പറയ്ക്കമല്ലന്റെ വാക്കുകളെല്ലാം കാര്യസ്ഥൻ കത്തനാരുടെ വെറും ഭീഷണി മാത്രമാണെന്നു തഹശീൽദാർ നമ്പൂതിരിയെ അറിയിച്ചിട്ട് പള്ളിബോട്ടിലും മറ്റുമുണ്ടായിരുന്ന പട്ടാളങ്ങളോടും, കുഞ്ചൂട്ടക്കാരോടും കൂടി മെത്രാപ്പോലീത്തായുടെ പള്ളിബോട്ടിന്റെ മുമ്പിൽ കിടന്നിരുന്ന അകമ്പടി വഞ്ചികളുടെ സമീപത്തേക്കു വന്ന് അതുകളെ പിന്തിരിപ്പാൻ ശ്രമിച്ചു. അൽപ്പനിമിഷത്തിനുള്ളിൽ ഈ ശ്രമം ഒരു വലിയ ലഹളയുടെ ഛായയിൽ എത്തി. ലഹളയിൽ ഉൾപ്പെടേണ്ടി വന്ന കല്ലൂർക്കാട്ടുകാരുടെ രക്ഷയ്ക്കായി കാര്യസ്ഥൻ ഏതാനും ഭടന്മാരെ ഇതിനിടയിൽ അവിടേക്കു നിയോഗിച്ചു. മറുപക്ഷത്തുള്ള അകമ്പടിവള്ളങ്ങളെല്ലാം ലഹളയുണ്ടായ ഭാഗത്തേക്കു ഞെരുങ്ങി ഞെരുങ്ങി സമീപിക്കുമ്പോൾ കോട്ടയം ഇടവകക്കാരുടെ അകമ്പടിവള്ളങ്ങളും സ്വപക്ഷത്തുള്ള മറ്റു ബോട്ടുകളും ജലവാഹനങ്ങളും പഴുതുകിട്ടുന്ന സ്ഥലങ്ങളിലൂടെ വടക്കോട്ടേക്കു വച്ചുപിടിച്ചുകൊള്ളണമെന്നായിരുന്നു അദ്ദേഹത്തിന്റെ ചട്ടംകെട്ട്.

പ്രതീക്ഷിച്ചിരുന്നതുപോലെതന്നെ ലഹളയുടെ ഭയങ്കരതയെ വർദ്ധിപ്പിക്കുമാറ് അമ്പലപ്പുഴ തഹശീൽദാരുടെ ഭാഗത്തുണ്ടായിരുന്ന വഞ്ചികളെല്ലാം സ്വപക്ഷക്കാരുടെ സഹായത്തിനായി അവിടേക്കു നീങ്ങുന്നതിനിടയിൽ, മെത്രാപ്പോലീത്തായുടെ പക്ഷത്തുള്ള ജലവാഹനങ്ങളെല്ലാം സാവധാനം വടക്കോട്ടു നീങ്ങിത്തുടങ്ങി. മറുപക്ഷക്കാരുടെ ശ്രദ്ധ മുഴുവൻ ലഹള സ്ഥലത്തായിരുന്നതിനാൽ ഈ കഥ ആരുംതന്നെ അത്ര ചിന്തിക്കയുമുണ്ടായില്ല.

ലഹള മിക്കവാറും തീരപ്രദേശത്തോടടുത്ത ഒരു സ്ഥലത്തായിരുന്നതുകൊണ്ടു കരയ്ക്കു ചാടിയ ആളുകളുടെ ഇടയിൽ കൂടി അത് ക്ഷണേന വ്യാപിച്ചു. ഈ ലഹളയിൽ ഉൾപ്പെട്ട ഏതാനും അംഗരക്ഷകന്മാരിൽ അത്യധികം ശൗര്യവീര്യ പരാക്രമം കാണിച്ചയാൾ പടപൊടിപ്പൻ ചാണ്ടിയായിരുന്നത്രെ. അയാൾ കുറച്ചു സമയത്തിനിടയിൽ വമ്പിച്ച വീരകൃത്യങ്ങൾ കാട്ടി പട്ടാളങ്ങളും കുഞ്ചൂട്ടക്കാരും തഹശീൽദാരും നിലകൊണ്ടിരുന്ന ഏതാനും വഞ്ചികൾ പമ്പയാറ്റിൽ താഴ്ത്തിക്കളഞ്ഞു. കല്ലൂർക്കാട്ടുകാരുടെയും ഏതാനും വള്ളങ്ങൾ കമഴ്ന്നുപോകയുണ്ടായി. ഇത്രയും ആയതോടുകൂടി ലഹള ഒരുവിധം അവസാനിച്ചു. പട്ടാളക്കാരിലും ഒട്ടധികംപേർ പ്രാണരക്ഷയ്ക്കായി പൊങ്ങിക്കിടന്ന വഞ്ചികളിൽ തൂങ്ങിപ്പിടിച്ചു കിടന്നു. തഹശീൽദാരും ചില പട്ടാളക്കാരും കുഞ്ചൂട്ടക്കാരിൽ ചിലരും ഒരുവിധത്തിൽ നീന്തി കരയ്ക്കണഞ്ഞു രക്ഷപ്പെട്ടു.

ഈ സന്ദർഭത്തിൽ അന്തരീക്ഷമണ്ഡലം കൂടി ഭേദിക്കുമാറ് അത്യുച്ചത്തിൽ പൊന്തിയ വാദ്യമേള സമ്മേളിതവും വിജയാഘോഷസൂചകവുമായ

ഒരു ആർപ്പുവിളി നമ്പൂതിരിപ്പാട്ടിലെ പള്ളിബോട്ടിന്റെ പാർശ്വഭാഗത്തായി കേൾക്കപ്പെടുകയും അദ്ദേഹം കിളിവാതിലിൻ പഴുതിലൂടെ വെളിയിലേക്കു നോക്കുകയും ചെയ്തു. മെത്രാപ്പോലീത്തായുടെ ബോട്ടും അകമ്പടി ബോട്ടുകളും മറ്റ് അകമ്പടിവാഹനങ്ങളും ഇരുവശത്തുകൂടെയും വളരെ ധീര തയോടുകൂടി തങ്ങളെ അതിലംഘിച്ചു മുമ്പോട്ടു പോകുന്നതായിട്ടാണു അദ്ദേഹം കണ്ടത്. എല്ലാറ്റിലും ഒടുവിലായി കടന്നുപോയ ചുണ്ടൻവള്ളം, കല്ലൂർക്കാട്ടുകാരെ യാത്ര അയച്ചിട്ടു മെത്രാപ്പോലീത്തായെ അനുഗമിക്കുന്ന പടപൊടിപ്പൻ ചാണ്ടി തുടങ്ങി ലഹളയിൽ പങ്കെടുത്ത അംഗരക്ഷകവിഭാഗം കയറിയതായിരുന്നു.

5

രാജശാസനം

മെത്രാപ്പോലീത്തായുടെയും പരിവാരങ്ങളുടെയും ഈ കടന്നുപോക്കു തനിക്കും തരണനല്ലൂർ ഇല്ലത്തേക്കും ഒരിക്കലും മായാത്തതായ ഒരു അപമാനമാണെന്നു നമ്പൂതിരിപ്പാട്ടിലേക്കു തോന്നി. അഭിമാനഭംഗം കൊണ്ടും, ലജ്ജകൊണ്ടും അദ്ദേഹത്തിന്റെ മുഖത്തു രക്തമയമില്ല. അനന്തര കൃത്യത്തെപ്പറ്റി ആലോചിക്കാനായി തഹശീൽദാരും ഒരുവിധത്തിൽ അവിടെ വന്നുചേർന്നു.

നമ്പൂതിരിപ്പാട് എന്ത് ആജ്ഞാപിക്കുന്നു എന്നറിവാൻ എല്ലാവരും ഉൽക്കണ്ഠിതരായിത്തീർന്നു. അദ്ദേഹം തഹശീൽദാരോടായി അകമ്പടിവാഹനങ്ങളോടുകൂടി അയാൾ മടങ്ങിപ്പൊയ്ക്കൊള്ളുന്നതിനും, തന്റെ ബോട്ടു ക്ഷണത്തിൽ തരണനല്ലൂരേക്കു തിരിച്ചുവിടുന്നതിനും കൽപ്പനയരുളി. ഇതു തഹശീൽദാർക്കും തിരുവനന്തപുരം ബ്രാഹ്മണർക്കും അത്യന്തം സങ്കടഹേതുകമായിത്തീർന്നു. അവർ ആകുന്നവിധത്തിലെല്ലാം നമ്പൂതിരിപ്പാട്ടിലെ സാന്ത്വനപ്പെടുത്തുവാൻ ശ്രമിച്ചിരുന്നു എന്നു മാത്രമല്ല, കൊടിയേറ്റു കഴിഞ്ഞാലുടൻ കൊട്ടാരത്തിൽ നിന്നു തന്നെ വേണ്ട നടപടി നടത്തിക്കൊള്ളുമെന്നു വിചാരിക്കേണ്ടതായ ഈ സംഗതിയെ അടിസ്ഥാനപ്പെടുത്തി കൊടിയേറ്റും ഉൽസവവും മുടക്കുകയെന്നത് ഏറ്റവും സങ്കടകരമായ ഒരു സംഗതിയായതിനാൽ തിരുവുള്ളമുണ്ടായി തിരുവനന്തപുരത്തേക്ക് എഴുന്നള്ളത്തു തുടരണമെന്നു നിർബന്ധപൂർവം അപേക്ഷിക്കയും ചെയ്തു.

എന്തു തന്നെയായിരുന്നാലും അപകീർത്തികരമായ ഈ ധിക്കാര കൃത്യത്തിനു പരിഹാരമുണ്ടായിട്ടേ താൻ ഇനി തിരുവനന്തപുരത്തേക്കു യാത്രയുള്ളു എന്നു നമ്പൂതിരിപ്പാടു തീർത്തു പറഞ്ഞു. നിർബന്ധംകൊണ്ട് ഒരു ഫലവുമില്ലെന്നായപ്പോൾ തിരുവനന്തപുരം ബ്രാഹ്മണർ, അവരിൽ രണ്ടു പേർ തിരുവനന്തപുരത്തേക്ക ശീഘ്രത്തിൽ പോകുന്നതിനും മറ്റുള്ളവർ നമ്പൂതിരിയെ തരണനല്ലൂർ എത്തിച്ചിട്ടു മടങ്ങിപ്പോരുന്നതിനും നിശ്ചയിച്ചു.

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ കൊടിയേറ്റു ദിവസം മുഹൂർത്തമായി. തരണനല്ലൂർ നമ്പൂതിരിപ്പാട്ടിലേയാവട്ടെ, അദ്ദേഹത്തിന്റെ പ്രതിപുരുഷനെ

യാവട്ടെ കാണായ്കയാൽ മഹാരാജാവു തിരുമനസ്സുകൊണ്ടും ക്ഷേത്ര ജോലിക്കാരും എന്തെന്നില്ലാതെ വിഷമിക്കയായി. ഒരു മഹാരാജാവിന്റെ ഭര ണകാലത്ത് ഉത്സവം മുടങ്ങുകയെന്നുള്ളത് അത്യന്തം അശുഭസൂചകമായ ഒരു സംഗതിയാണെന്നാണ് വയ്പ്പ്. മുഹൂർത്തത്തിന് അൽപ്പം മുമ്പു നമ്പൂ തിരിപ്പാട്ടിലെ വിട്ടുപിരിഞ്ഞു പോന്ന ബ്രാഹ്മണരും, റിപ്പോർട്ടോടു കൂടി എത്തിയ അമ്പലപ്പുഴ തഹശീൽദാരുടെ ആൾപ്പേരും മഹാരാജ സന്നിധി യിൽ എത്തി പമ്പാ നദിയിൽ വച്ചുണ്ടായ സർവ്വ സംഭവങ്ങളും വിവരിച്ചു തിരുമനസ്സുണർത്തിച്ചു. പ്രകൃത്യാ ശുദ്ധാത്മാവായ മഹാരാജാവു തിരുമന സ്സുകൊണ്ടു ഈ വാർത്താ ശ്രവണത്തിൽ അത്യന്തം രോഷാകുലനായി ചമഞ്ഞുവെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ.

മഹാരാജാവു തിരുമനസ്സുകൊണ്ടു ഉടൻതന്നെ പമ്പാ നദിയിൽ വച്ചു ണ്ടായ സർവ്വ സംഭവങ്ങളും താൻ അറിഞ്ഞിരിക്കുന്നുവെന്നും, അതിനെ പ്പറ്റി വ്യസനിക്കുകയും വിഷമിക്കുകയും ചെയ്യേണ്ടെന്നും നമ്പൂതിരിപ്പാട്ടിലെ പ്രതിപുരുഷൻ എന്നുള്ള സങ്കല്പത്തിൽ വേറാരു വൈദികനെക്കൊണ്ട്, ഉത്സവം മുടങ്ങാതിരിപ്പാനായി ആവശ്യമായ കർമ്മങ്ങൾ നടത്തുന്നുവെന്നും നമ്പൂതിരിപ്പാടിലേക്കു സംഭവിച്ചതായി വിചാരിക്കപ്പെടുന്ന അപമാനത്തിനു മെത്രാപ്പോലീത്തായെക്കൊണ്ടു തക്കതായ പരിഹാരവും പ്രായശ്ചിത്തവും ചെയ്യിച്ചു കൊള്ളാവുന്നതാണെന്നും, അതിനാൽ കൊട്ടാരത്തിൽ നിന്ന് അടി യന്തിരത്തിൽ അയക്കുന്ന സർവ്വാധികാര്യക്കാരോടും ആൾക്കാരോടും കൂടി ഉടൻതന്നെ തിരുവനന്തപുരത്തെത്താൻ ഉൽസാഹിക്കണമെന്നും തരണന ല്ലൂർ നമ്പൂതിരിപ്പാട്ടിലേക്ക് ഒരു തിരുവെഴുത്ത് എഴുതി അയച്ചു. ഇതിനു പുറമേ തരണനല്ലൂർ നമ്പൂതിരിപ്പാട്ടിലെ അതികഠിനമായി അവമാനിച്ചിരി ക്കുന്നതിനെ സംബന്ധിച്ച് മതിയായ സമാധാനം ബോധിപ്പിക്കുന്നതിനായി ആറാട്ടു കഴിഞ്ഞു വരുന്ന ബുധനാഴ്ച പതിനൊന്നു നാഴിക പുലർച്ചയ്ക്കു മെത്രാപ്പോലീത്തായും കാര്യസ്ഥൻ കത്തനാരും തിരുവനന്തപുരത്ത് വലിയ സർവാധികാര്യക്കാരുടെ കച്ചേരിയിൽ ഹാജരായിക്കൊള്ളണമെന്നു കാണിച്ചു വലിയ സർവാധി ഉദ്യോഗം വഹിച്ചിരുന്ന അയ്യപ്പൻ ചെമ്പക രാമൻ പിള്ളയുടെ വകയായി ഒരു ചുട്ടെഴുത്തു മെത്രാപ്പോലീത്തായ്ക്കു കോട്ടയ ത്തേക്കും അയച്ചു.

ചുട്ടെഴുത്തു മെത്രാപ്പോലീത്തായ്ക്കു കിട്ടിയതും ഒരു ശനിയാഴ്ച ദിവസ മായിരുന്നു. അങ്ങനെയെന്തെങ്കിലും ഒന്ന് ഉടനെ വന്നുചേർന്നേക്കാമെന്നു മെത്രാപ്പോലീത്താ നേരത്തെ പ്രതീക്ഷിച്ചിരുന്നതുമാണ്. പിറ്റേദിവസം ഞായ റാഴ്ച പള്ളിയിൽ കൂടിയ കോട്ടയം ഇടവകക്കാരെ ഈ വൃത്താന്തം വല്ലാതെ ക്ഷോഭിപ്പിച്ചു. പമ്പയാറ്റിൽ വച്ചുണ്ടായ കഥകൾക്ക് അവർ മുമ്പുതന്നെ അനുഭവസാക്ഷികളുമാണല്ലോ. മലങ്കര നസ്രാണികൾക്കും അവരുടെ മെത്രാപ്പോലീത്തന്മാർക്കും കേരള ഭൂപാലന്മാർ കൃതജ്ഞതാ സൂചകമായി

അനുവദിച്ചുകൊടുത്തിട്ടുള്ളതും, നസ്രാണികൾ പണ്ടുമുതൽക്കേ അനുഭവിച്ചും ആദരിച്ചും വരുന്നതുമായ അവകാശങ്ങളും ആചാരങ്ങളും നടപ്പുകളും മഹാരാജാവു തിരുമനസ്സിലെ കുലഗുരുവാണെന്നുള്ള ഏക കാരണത്താൽ തരണനല്ലൂർ നമ്പൂതിരിപ്പാട്ടിലേ ദുരഹങ്കാരദൂഷിതമായ ദുരഭിമാനത്തിനു ബലി കഴിക്കുന്നതിലേക്കു വേണ്ടിയോ എന്നു തോന്നുമാറു കീഴുനടപ്പനുസരിച്ച് പമ്പയാറ്റിൽ കൂടിയുണ്ടായ മെത്രാപ്പോലീത്തായുടെ യാത്രയെ ഗുരുതരമായ ഒരു വിസ്താരത്തിനു വിഷയമാക്കിത്തീർക്കാൻ തിരുവിതാംകൂർ സർക്കാർ ധൈര്യപ്പെട്ടതിനെപ്പറ്റി പഴമപരിചയവുംകാര്യജ്ഞാനവുമുള്ള വൃദ്ധന്മാരൊക്കെ മൂക്കിൽ വിരൽ വച്ചു. അവർ കാര്യസ്ഥൻ കത്തനാരുടെ ആലോചനയോടും അഭിപ്രായത്തോടും കൂടി, വിവാദസംഗതി സ്ഥാനമാന സംബന്ധമായ ഒന്നായതിനാൽ ഇരുകക്ഷികളുടെയും അന്തസ്സിനേയും പ്രഭാവത്തേയും മേന്മയേയും മുൻനിറുത്തി വിസ്താരം പൊന്നുതമ്പുരാൻ തിരുമനസ്സിലെ സന്നിധിയിൽ വച്ച് ആയിരിക്കണമെന്നു തങ്ങൾക്കു അപേക്ഷയുണ്ടെന്നും തിരുവിതാംകോട്ടെ സർവ്വ പ്രജകളും നാടുവാഴുന്ന പൊന്നുതമ്പുരാന്റെ വാൽസല്യ സന്താനങ്ങളായതിനാൽ തിരുമനസ്സിലെ നിഷ്പക്ഷ ബുദ്ധിയെയും വിവേചനാശക്തിയെയും ഹനിപ്പിക്കത്തക്കവണ്ണം എന്തെങ്കിലും ഒരു പ്രത്യേക ബന്ധത്തിനോ, പരിചയത്തിനോ തിരുമനസ്സുകൊണ്ടു ഗുരുത്വം കൽപ്പിച്ച് ഒരു വിധിതീർപ്പ് അരുളുകയില്ലെന്നു തങ്ങൾക്കു ദൃഢവിശ്വാസമുള്ളതുകൊണ്ടു തങ്ങളുടെ അപേക്ഷകൾക്ക് അനുകൂലമായ ഒരു ഉത്തരവിനു തൃക്കൈവിളയാട്ട് ഉണ്ടാവണമെന്നും കാണിച്ച് ആയിരത്തൊന്നാളുകളുടെ വകയായി ഒപ്പുമിട്ട് ഒരു അപേക്ഷ തയ്യാറാക്കി കൊട്ടാരത്തിലേക്ക് അയച്ചു. ഇതിനു മഹാരാജാവു തിരുമനസ്സുകൊണ്ട് അവരുടെ അപേക്ഷയെ കൽപ്പിച്ച് അനുവദിച്ചിരിക്കുന്നതായി വലിയ സർവാധികാര്യക്കാരുടെ ഒരു മറുപടി എട്ടാം ദിവസം കോട്ടയത്ത് ഇടവഴിക്കൽ താടിക്കാരൻ കുഞ്ചെറിയാ എന്ന ആളിനു കിട്ടി.

6

മഹാരാജ സന്നിധിയിൽ കേസുവിചാരണ

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ആറാട്ട് അവസാനിച്ചു. പരിവാരങ്ങൾ സഹിതം തിരുവനന്തപുരത്ത് എത്തിച്ചേർന്നിരുന്ന മെത്രാപ്പോലീത്താ ബുധനാഴ്ച ക്ലിപ്ത സമയത്തിന് അൽപ്പം മുമ്പായി കാര്യസ്ഥനോട് ഒരുമിച്ച് കൊട്ടാരത്തിൽ ഹാജരായി. അവിടെ പള്ളിമുറ്റത്തുണ്ടായിരുന്ന ഒരു ലതാ മണ്ഡപത്തിൽ വച്ചായിരുന്നു വിസ്താരം. കൃത്യസമയത്തു മഹാരാജാവു തിരുമനസ്സുകൊണ്ടു രാജോചിതമായ വേഷവിശേഷത്തോടും അംഗരക്ഷ കന്മാരോടും കൂടി ലതാമണ്ഡപത്തിൽ എഴുന്നള്ളി അവിടെ തയ്യാർ ചെയ്തി രുന്ന പ്രത്യേക പീഠത്തിൽ ഉപവിഷ്ഠനായി. കല്പനപ്രകാരം മെത്രാപ്പോലീ ത്തായും നമ്പൂതിരിപ്പാടും മുമ്പിൽ ഇരുഭാഗങ്ങളിലായി ഇരിപ്പുറപ്പിച്ചു. മെത്രാപ്പോലീത്തായ്ക്ക് ഇക്കാലത്ത് എഴുപത്തിരണ്ടു വയസ്സാണു പ്രായം. തരണനല്ലൂർ നമ്പൂതിരിക്കു കടന്ന മദ്ധ്യപ്രായവും. മെത്രാപ്പോലീത്തായുടെ ആകാരസുഷമയും വദനവിലാസ ഗാംഭീര്യവും മുഖപ്രസന്നതയും കുലീന സഹജമായ രക്തഛവിയും താടിമീശയുടെ അസാമാന്യദൈർഘ്യവും, മഹാരാജാവിന്റെ ഹൃദയത്തിൽ അത്യധികമായ ബഹുമാനാദരങ്ങളെ അങ്കുരിപ്പിച്ചു. പുരാണേതിഹാസങ്ങളിൽ പലപ്പോഴും കണ്ടുമുട്ടിയിട്ടുള്ള പരമ സാത്വികന്മാരായ ഋഷിപുംഗവന്മാരുടെ ശരിയായ പ്രതിഛായയും അദ്ദേഹ ത്തിന്റെ മാനസനേത്രങ്ങൾ ദർശിച്ചു. നമ്പൂതിരിക്കും തഹശീൽദാർക്കും ഒരു വല്ലാത്ത സങ്കോചമുണ്ടായി. ഇത്രമേൽ സത്വഗുണപ്രധാനനായ ഒരാളാണു മെത്രാപ്പോലീത്താ എന്നു നേരത്തെ തന്നെ അറിഞ്ഞിരുന്നെങ്കിൽ തൊല്ല ഒന്നും കൂടാതെ കഴിക്കാമായിരുന്നെന്നു രണ്ടുപേർക്കും തോന്നി.

കൽപ്പനപ്രകാരം സർക്കാർ വാദി എന്ന നിലയിൽ പമ്പാനദിയിൽ വച്ചു ണ്ടായ സംഭവങ്ങളെ ചുരുക്കമായി വിവരിച്ചുകൊണ്ടു മെത്രാപ്പോലീത്താ നമ്പൂതിരിപ്പാട്ടിലെ അവമാനിക്കാൻ ശ്രമിച്ചുവെന്നു തെളിയിക്കാൻ അമ്പല പുഴ തഹശീൽദാർ ശ്രമിച്ചു. സാക്ഷികൾ എന്ന നിലയിൽ തരണനല്ലൂർ നമ്പൂതിരിയും തിരുവനന്തപുരം ബ്രാഹ്മണരും അനുകൂലിച്ചു മൊഴി

കൊടുത്തു. എന്നാൽ ഇരു കൂട്ടർക്കും അന്യോന്യം മാനമായി കടന്നുപോകുന്നതിലേക്കും ഉപയുക്തങ്ങളായ രണ്ടു മാർഗ്ഗങ്ങൾ കാര്യസ്ഥൻ കത്തനാരും മെത്രാപ്പോലീത്തായുടെ അംഗരക്ഷകനായകനും പല പ്രാവശ്യം നിർദ്ദേശിക്കുകയുണ്ടായി എന്നുള്ള തത്വത്തെ മറച്ചുവയ്പാൻ തിരുവനന്തപുരം ബ്രാഹ്മണർക്കു കഴിഞ്ഞില്ല. എത്രതന്നെ മാർഗ്ഗങ്ങൾ ഉണ്ടായിരുന്നാലും മഹാരാജാവു തിരുമേനിയുടെ കുലഗുരുവിന്റെ എഴുന്നള്ളത്തിനു മുറിച്ചു ഘോഷയാത്ര ചെയ്യുവാൻ മെത്രാപ്പോലീത്തായ്ക്ക് അധികാരവും അവകാശവും കീഴുനടപ്പും ഇല്ലെന്നായിരുന്നു തഹശീൽദാരുടെ വാദം. മാത്രമല്ല, എഴുന്നള്ളത്തു കാര്യത്തിൽ പ്രതിബന്ധങ്ങളെല്ലാം വരുത്തിവച്ചതു കാര്യസ്ഥൻ കത്തനാർ ഒരുവനാണെന്നും അദ്ദേഹം ഉറപ്പിച്ചു.

തഹശീൽദാരുടെ വാദത്തിനു സമാധാനമായി എന്തെങ്കിലും ബോധിപ്പിപ്പാനുണ്ടെങ്കിൽ ബോധിപ്പിക്കാമെന്നു മഹാരാജാവു തിരുമനസ്സുകൊണ്ട് കൽപ്പിച്ചതനുസരിച്ച് മെത്രാപ്പോലീത്തായുടെയും കാര്യസ്ഥൻ കത്തനാരുടെയും വകയായി രണ്ടു പത്രിക തന്നെ തിരുമുമ്പിൽ സമർപ്പിക്കയുണ്ടായി. അപ്പോൾ ഇതിനെ തുടർന്നു മെത്രാപ്പോലീത്താ സ്വസമീപത്തായി വച്ചിരുന്ന ഒരു സ്വർണ്ണച്ചെല്ലം തുറന്നു മൂന്നും നാലും ഇലകൾ വീതം ചേർത്തിട്ടുള്ള മൂന്നു ചെപ്പേടുകൾ ഒരു പട്ടുറയിൽ നിന്നെടുത്തു മഹാരാജാവു തിരുമനസ്സിനെ വളരെ ആദരപൂർവം കാണിച്ചുകൊണ്ടു ഇപ്രകാരം ഉണർത്തിച്ചു:

“അതിപ്രതാപശാലികളും അത്യുദാരമതികളും തിരുമനസ്സിലെ പൂർവപുരാതനന്മാരുമായ കേരള ചക്രവർത്തികളും, തിരുവിതാംകൂർ മഹാരാജാക്കന്മാരും കേരളീയ നസ്രാണിവർഗ്ഗത്തിന് അവർ എക്കാലവും അനുഭവിച്ചുകൊള്ളുമാറു സർവവിധ രാജകീയ പദവികളോടും കൂടി അവരുടെ മതാദ്ധ്യക്ഷരായ മെത്രാപ്പോലീത്തന്മാർക്കു പൂവും നീരും വീഴ്ത്തി കൽപ്പിച്ചുകൊടുത്തിട്ടുള്ള മൂന്നു ചെപ്പേടുകളാണ് ഇവകൾ. കേരളത്തിന്റെ, വിശേഷിച്ചു തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും ഉൽക്കർഷത്തിനും, സാമ്പത്തികാഭിവൃദ്ധിക്കും, നിലനിൽപ്പിനുംവേണ്ടി സുറിയാനി ക്രിസ്ത്യാനികൾ തങ്ങളുടെ സമ്പത്തും രക്തവും നിസ്വാർത്ഥബുദ്ധ്യാ അത്ര ധാരാളമായി വ്യയം ചെയ്തിട്ടുള്ളതിന്റെ അക്ഷയസ്മാരകമായും ശാശ്വത കൃതജ്ഞതാ സൂചകമായിട്ടുമാണ് കേരള രാജാക്കന്മാർ ഇവയെ നസ്രാണിവർഗ്ഗത്തിനായി പ്രദാനം ചെയ്തിട്ടുള്ളത്.

ഈ ചെപ്പേടുകളിൽ വിവരിച്ചിട്ടുള്ള രാജകീയ പദവികൾ ഈ രാജ്യത്തെ വൈദികോത്തമന്മാരായ മഹാബ്രാഹ്മണർക്കു കൂടി അനുവദിച്ചിട്ടില്ലാത്തവിധത്തിൽ അത്ര ശ്രേഷ്ഠതമങ്ങളും, നസ്രാണി സമുദായത്തോടു മഹാരാജാക്കന്മാർ അതിഗാഢമായി കടപ്പെട്ടിരിക്കുന്നുവെന്നുള്ളതിന്റെ ഒരു പ്രത്യക്ഷലക്ഷ്യവുമായിത്തന്നെ ഗണിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ നാടുവാഴുന്ന മഹാ

രാജാക്കന്മാർക്കു മാത്രം അർഹതയുള്ളതായി ഗണിക്കപ്പെട്ടിരുന്നതും, നസ്രാണികളും അവരുടെ അദ്ധ്യക്ഷന്മാരും പാരമ്പര്യമായി അനുഭവിച്ചുപോരുന്നതുമായ ഈ വക പദവികൾ സ്വപ്രജകളായ സുറിയാനി ക്രിസ്ത്യാനികൾക്കു കൽപ്പിച്ചുകൊടുക്കാൻ ചക്രവർത്തികളെയും മഹാരാജാക്കന്മാരേയും അതതുകാലങ്ങളിൽ അതിശക്തിമത്തായി പ്രേരിപ്പിച്ച കൃതജ്ഞതാ ബഹുമാനങ്ങൾ ഒരു ദിവസത്തേക്കോ ഒരു മാസത്തേക്കോ ഒരു വർഷത്തേക്കോ മാത്രം നിലനിൽക്കേണ്ടതായിട്ടല്ല, പ്രത്യുത അവരുടെ സിംഹാസനങ്ങളെ അധിരോഹണം ചെയ്യാൻ ഭാഗ്യം ലഭിക്കുന്നവരായ എല്ലാ മഹാരാജാക്കന്മാരുടെ ഹൃദയമണ്ഡലത്തിൽ നിന്ന് ഈ കൃതജ്ഞതയും ബഹുമാനവും ആചന്ദ്രതാരം പ്രവഹിച്ചുകൊണ്ടിരിക്കുമെന്ന് അവർക്കുണ്ടായിരുന്ന ദൃഢവിശ്വാസത്തെയും ദൃഢനിശ്ചയത്തെയുമാണ് ഈ ചെപ്പേടുകളിലെ ഓരോ വരിയും വ്യക്തപ്പെടുത്തുന്നത്.

പൂർവ്വന്മാരുടെ ഈ വിശ്വാസത്തേയും ദൃഢനിശ്ചയത്തേയും സൂര്യചന്ദ്രന്മാരുള്ള കാലത്തോളം പാലിപ്പാൻ അതിപവിത്രവും പുണ്യസമൃദ്ധവുമായ തിരുവിതാംകൂർ രാജസിംഹാസനം സന്നദ്ധമായിരിക്കുമെന്ന് ഈ ചെമ്പു പട്ടയങ്ങളെ അമൂല്യനിധിയായി സൂക്ഷിക്കുന്ന തിരുമനസ്സിലെ യഥാർത്ഥ ഭക്തന്മാരായ നസ്രാണിപ്രജകൾ ഹൃദയപൂർവം വിശ്വസിക്കുന്നു. അന്നദാതാവായ പൊന്നുതമ്പുരാൻ തിരുമനസ്സിലെ യശോധനന്മാരായ പൂർവ്വന്മാർ ഉദ്ദേശിക്കയും ആഗ്രഹിക്കയും കേരളത്തിലെ സാമന്തരാജാക്കന്മാരേയും സൂര്യചന്ദ്രന്മാരേയും സാക്ഷിനിറുത്തി എന്നെന്നേക്കുമായി സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുള്ളതനുസരിച്ചു തിരുമനസ്സിലെ അതിഭക്തന്മാരും വിശ്വസ്തന്മാരുമായ നസ്രാണിപ്രജകൾ അവരുടെ മതാദ്ധ്യക്ഷ ഭക്തിയെ പ്രകടിപ്പിക്കുന്നതിനായി നിരങ്കുശമായും സ്വാതന്ത്ര്യപൂർവ്വമായും ചെയ്തിട്ടുള്ള ഘോഷയാത്ര, സ്വർഗ്ഗാരോഹണം ചെയ്തിട്ടുള്ള ആ നൃപകേസരികളുടെ പുണ്യവചസ്സുകളിലും അവയുടെ സ്ഥരീകൃത നവ്യത്വത്തിലുമുള്ള അവരുടെ ദൃഢവിശ്വാസത്തെ മാത്രമേ വ്യഞ്ജിപ്പിക്കുന്നുള്ളു. അവ ഒരിക്കലും ഒന്നുകൊണ്ടും പിൻഗാമികളായ മഹാരാജാക്കന്മാരാൽ അപലപനീയമാണെന്നു തിരുമനസ്സിലെ വാത്സല്യഭാജനങ്ങളായ പ്രജകൾ വിചാരിക്കുന്നില്ല. സ്വർഗ്ഗാധിരൂഢന്മാരായ തിരുമനസ്സിലെ പൂർവ്വന്മാർ ഉള്ളു നിറഞ്ഞു വലിയ സന്തോഷത്തോടും കൃതജ്ഞതയോടും കൂടി കല്പിച്ചുതന്നിട്ടുള്ളതായ ഈ മഹൽപദവികൾ നിർഭയമായും അനുഷ്ടിക്കുക എന്നുള്ള സംഗതി ഇവിടെ എഴുന്നള്ളിയിരിക്കാവുന്ന പൂജ്യന്മാരായ തിരുമനസ്സിലെ പൂർവ്വന്മാരുടെ പുണ്യാത്മാക്കളുടെയും തിരുമനസ്സിലെ തന്നെയും മഹൽസന്നിധിയിൽ ഒരു വിസ്താരത്തിനു വിഷയമാക്കുക എന്നുള്ളത്, ഈവക പദവികളെ ആയിരത്തിനാനൂറു വർഷത്തിലധികമായി നിരന്തരം അനുഭവിച്ചുപോരുന്ന നസ്രാണികളും അവരുടെ മതാദ്ധ്യക്ഷന്മാരും കേരള ചക്രവർത്തികളേയും വിശേ

ഷിച്ചു തിരുവിതാംകൂർ മഹാരാജാസിംഹാസനത്തേയും ഹൃദയപൂർവ്വം വിശ്വസിച്ചതു ശിക്ഷാർഹമായ ഒരു പ്രവൃത്തിയാണെന്ന് കല്പിക്കുന്നതിനു തുല്യമായ ഒന്നായിരിക്കും. അങ്ങനെ ഒരു കല്പനയുണ്ടാകുന്നപക്ഷം തിരുമനസ്സുകൊണ്ടു കല്പിക്കുന്ന ഏതുതരം ശിക്ഷകളും നസ്രാണി സമുദായം ശിരസാവഹിച്ച് ആചന്ദ്രതാരം പശ്ചാത്തപിച്ചുകൊള്ളാമെന്നു മാത്രമേ ഈ കേസിലെ കക്ഷിയെന്ന നിലയിൽ വൃദ്ധനായ എനിക്കു തിരുമനസ്സുണർത്തിപ്പാനുള്ളു.”

7

ചെപ്പേടുകളും കനകപ്പല്ലക്കും

പൂർവ്വ പുരാതനന്മാരെന്നും, ചെപ്പേടുകളെന്നും മെത്രാപ്പോലീത്തായിൽ നിന്നു കേട്ട മാത്രയിൽ കുലശേഖരപ്പെരുമാൾ മഹാരാജാവു തിരുമനസ്സു കൊണ്ട് ആസനത്തിൽ നിന്നു ഝടുതി സമുത്ഥാനം ചെയ്തു മെത്രാപ്പോലീത്തായുടെ സമീപത്തേക്കു വന്ന് ആ ചെപ്പേടുകളെ വിനയപൂർവ്വം തൃക്കൈകൾ നീട്ടിവാങ്ങി. നെഞ്ചോടു ചേർത്തു വന്ദിച്ചു. മലങ്കര സുറിയാനി സഭാദ്ധ്യക്ഷന്റെ കൈവശം ഇങ്ങനെയൊരു വിശിഷ്ട ലിഖിത സഞ്ചയം ഉണ്ടെന്നു സ്വമാതുലനായ കാർത്തിക തിരുനാൾ മഹാരാരാജാവ് തിരുമനസ്സുകൊണ്ട് സന്ദർഭവശാൽ ഒരിക്കൽ കല്പിച്ച കഥ അദ്ദേഹത്തിനു അപ്പോൾ ഓർമ്മയുണ്ടായി.

മഹാരാജാവു തൽക്ഷണം കൊട്ടാരം രായസപ്രധാനന്മാരെ തിരുമുമ്പിൽ വരുത്തി ആ ചെപ്പേടുകൾ എല്ലാം വ്യക്തമായി വായിപ്പിക്കുകയും അവയുടെ അർത്ഥം വഴിയാംവണ്ണം ഗ്രഹിക്കുകയും ചെയ്തു. കൂടുതൽ വിവരങ്ങൾ അറിവാൻ ആഗ്രഹമുണ്ടെന്നു കല്പിച്ചതനുസരിച്ചു മെത്രാപ്പോലീത്താ ക്നായിത്തൊമ്മനു കിട്ടിയ ചെപ്പേടിനെപ്പറ്റിയും അതു നഷ്ടപ്പെട്ടുപോയ കഥയും സംബന്ധിച്ചു തിരുമനസ്സറിയിക്കയും ഉണ്ടായി.

ചെപ്പേടുകൾ എല്ലാം കുറച്ചുനേരം തൃക്കൈകളിൽ വച്ചു സന്തോഷിച്ച ശേഷം മഹാരാജാവ് തിരുമനസ്സുകൊണ്ട് ഒരു സ്വർണ്ണത്തമ്പാളം വരുത്തി അതിൽ പൂവും ചന്ദനവും നിറച്ചു പിതൃക്കളെപ്പറ്റിയുള്ള ബഹുമാന സ്മരണയോടും കൃതാർത്ഥതയോടും കൂടി ചെപ്പേടുകൾ മൂന്നും അതിൽവച്ച് അവ സ്വർണ്ണതമ്പാളത്തോടുകൂടി സ്വീകരിച്ചുകൊള്ളുന്നതിനായി മെത്രാപ്പോലീത്തായുടെ മുമ്പിൽ ഒരു പീഠത്തിൽ വച്ചുകൊടുത്തു.

അനന്തരം തിരുമനസ്സുകൊണ്ട് ഇപ്രകാരം അരുളിച്ചെയ്തു: "വൃദ്ധനും പൂജ്യനുമായ മെത്രാപ്പോലീത്തായെ കാണ്മാൻ ഇടയായതിൽ നമുക്ക് അസാമാന്യമായ സന്തോഷമുണ്ട്. മെത്രാപ്പോലീത്തായുടെ യോഗ്യതകളെപ്പറ്റിയും സ്ഥാനമാഹാത്മ്യത്തെപ്പറ്റിയും നമ്മുടെ പൂർവഗാമികളായ കേരള ചക്രവർത്തികളിൽ നിന്നും മഹാരാജാക്കന്മാരിൽ നിന്നും ലഭിച്ചിട്ടുള്ള ബഹുമാന

പദവികളെ സംബന്ധിച്ചു നമ്മുടെ കുലഗുരുവായ തരണനല്ലൂർ നമ്പൂതിരിപ്പാട്ടിലേക്കു ശരിയായ അറിവും പരിചയവും ഉണ്ടായിരുന്നെങ്കിൽ പമ്പാനദിയിൽ വച്ചു രണ്ടുപേരും ബോട്ടുകൾ അടുപ്പിച്ച് അന്യോന്യം സന്തോഷപൂർവ്വം കുശലപ്രശ്നം ചെയ്തു കടന്നുപോകുമായിരുന്നു എന്നുള്ളതു നമുക്കു വേണ്ടുവോളം ബോദ്ധ്യമായിട്ടുള്ള ഒരു സംഗതി ആണ്. നമ്മുടെ പൂർവന്മാർ മനഃപൂർവം ബഹുമാനിക്കയും രാജകീയമായ നിലയിൽ സ്വീകരിക്കുകയും ചെയ്യുന്ന മഹാന്മാരെ ആദരിക്കാൻ വേണ്ടുവോളം പഠിപ്പും, പാണ്ഡിത്യവും പാകതയും തികഞ്ഞ ഒരു യോഗ്യനാണു നമ്മുടെ കുലഗുരു. ഏറ്റവും ബഹുമാനപൂർവമായ ശ്രേഷ്ഠപദവികൾ പണ്ടുമുതലേ നമ്മുടെ പൂർവന്മാരുടെ നാമത്തിൽ അനുഭവിച്ചു പോന്നവരും സത്യവാന്മാരും വിശ്വസ്തന്മാരുമായ സൂര്യാണി (സുറിയാനിക്കാർ) കളുടെ രാജതുല്യനായ ഒരു മതാദ്ധ്യക്ഷന്റെ ആഘോഷപൂർവമായ യാത്ര നമ്മുടെ കുലഗുരുവിന് ഒരിക്കലും ഒന്നുകൊണ്ടും അപമാനകരമായിത്തീരുവാൻ സംഗതിയില്ലെന്നു നാം ബോധിച്ചിരിക്കുന്നു.”

മഹാരാജാവ് ഇങ്ങനെ തുടർന്നു കൽപ്പിച്ചു: “നമ്മുടെ രാജ്യത്തുള്ള ഏറ്റവും ശ്രേഷ്ഠന്മാരായ രണ്ടു വൈദിക ഗുരുക്കന്മാർ പരസ്പരം മിത്രത്വത്തിൽ വർത്തിച്ചു കാണണമെന്നാണു നമ്മുടെ ആഗ്രഹം. മേലിൽ ഇരുകൂട്ടരും അങ്ങനെതന്നെ ചെയ്യുമെന്നു നാം ഗാഢമായി വിശ്വസിക്കയും ചെയ്യുന്നു. പരിചയമില്ലായ്മ കൊണ്ടുണ്ടായ തെറ്റിദ്ധാരണയാണ് ഈ ആപത്തിനെല്ലാം കാരണമെന്നു നാം വിശ്വസിക്കുന്നു. വൃദ്ധനായ മെത്രാപ്പോലീത്തായുടെ ഘോഷയാത്രയ്ക്കു നമ്മുടെ ഉദ്യോഗസ്ഥന്മാർ നിമിത്തം വല്ല സ്വൈരക്കേടും വന്നുപോയിട്ടുണ്ടെങ്കിൽ അവയെ മഹാമനസ്കതയോടു കൂടി വിസ്മരിക്കാൻ വേണ്ടുന്ന പക്വബുദ്ധി മെത്രാപ്പോലീത്തായ്ക്ക് ഉണ്ടാവാതെ വരികയില്ലെന്നാണു നമ്മുടെ ബോധം. എങ്കിലും നമ്മുടെ പൂർവന്മാരും കേരള ചക്രവർത്തികളും നൽകിയിട്ടുള്ള സ്ഥാനമാനങ്ങളും പദവികളും നമ്മുടെ വാഴ്ചക്കാലത്തു സ്വാതന്ത്ര്യപൂർവം ഉപയോഗിക്കുന്നതിലേക്ക് ഒരു നിമിഷമെങ്കിലും തടസ്സം നേരിടുമെന്നു മെത്രാപ്പോലീത്തായ്ക്കും സൂര്യാണികൾക്കും ഒരിക്കൽപോലും തോന്നാതിരിക്കേണ്ടതിലേക്കു ചെപ്പേടുകളിൽ ചേർത്തിട്ടില്ലാത്തതായ ഒരു പദവി എന്ന നിലയിൽ മെത്രാപ്പോലീത്തായ്ക്കു നാം നമ്മുടെ വകയായിത്തന്നെ ഒരു കനകപ്പല്ലക്കു കൂടി തന്നിരിക്കുന്നു. ഇത് ഇന്നു മുതൽ മെത്രാപ്പോലീത്തായും അനന്തരഗാമികളും ഉപയോഗിച്ചുകൊള്ളുന്നതിലേക്കുള്ള നമ്മുടെ നീട്ടും സർവാധികാര്യക്കാർ തരുന്നതായിരിക്കും.”

അല്പസമയത്തിനുള്ളിൽ വിശേഷവിധിയായി അലങ്കരിച്ച ഒരു കനകപ്പല്ലക്ക് അവിടേക്കു കൊണ്ടുവന്നു (സാധാരണ പല്ലക്കുകളെ അപേക്ഷിച്ചു കനകപ്പല്ലക്കിന്റെ തണ്ടിലും പീഠത്തിലും ചില സ്വർണ്ണപ്പണികൾ ചേർത്തി

രിക്കും). മഹാരാജാവു തിരുമനസ്സുകൊണ്ട് ഉടൻതന്നെ പീഠത്തിൽ നിന്നും എഴുന്നേറ്റു. മെത്രാപ്പോലീത്താ ഏതാനും ചുവടു മുന്നോട്ടു വച്ചു കൈവശമുള്ള സ്ലീബാ (സ്വർണ്ണക്കുരിശ്) ഉയർത്തി അദ്ദേഹത്തെ വാഴ്ത്തി അനുഗ്രഹിക്കുകയും, കൃതജ്ഞതാസൂചകമായി ഏതാനും വാക്കുകൾ ഉച്ചരിക്കുകയും ചെയ്തു.

ബുദ്ധിമാനായ മെത്രാപ്പോലീത്താ ഈ സന്ദർഭത്തിൽ പണ്ടത്തെ ജാതക കഥകൾ ചുരുക്കത്തിൽ പ്രസ്താവിച്ച്, മഹാരാജാവു തിരുമനസ്സിലെ കൂടുതൽ സന്തോഷനിമഗ്നനാക്കിത്തീർത്തു. തിരുമനസ്സുകൊണ്ടു മെത്രാപ്പോലീത്തായ്ക്കു ഉടനേ തന്നെ യാത്ര അരുളീട്ടു കൊട്ടാരത്തിലേക്ക് എഴുന്നള്ളി.

തരണനല്ലൂർ നമ്പൂതിരിപ്പാട് അല്പം ഒരു ജാള്യതയോടു കൂടിയെങ്കിലും മുമ്പോട്ടുവന്നു മെത്രാപ്പോലീത്തായുടെ ദക്ഷിണഹസ്തത്തെ ഗ്രഹിച്ചുകൊണ്ടും 'ഉർവ്വശീശാപമുപകാരം' എന്നു പറഞ്ഞു വളരെ സന്തോഷത്തോടും മിത്രത്വത്തോടും കൂടി പിരിഞ്ഞുപോയി.

സർവ്വാധികാര്യക്കാർ മെത്രാപ്പോലീത്തായെ കനകപ്പല്ലക്കിലും, കാര്യസ്ഥൻ കത്തനാരെ ഒരു മേനാവിലും കയറ്റി പട്ടാളക്കാരുടെ അകമ്പടിയോടും വാദ്യഘോഷങ്ങളോടും കൂടി അവരുടെ താമസസ്ഥലത്തേക്കു വളരെ ആഘോഷപൂർവം യാത്ര അയച്ചു. അകമ്പടിക്കാരുടെ കൂടെ മെത്രാപ്പോലീത്തായെ അനുഗമിച്ചിരുന്ന അമ്പലപ്പുഴ തഹശീൽദാർ പല്ലക്കു നിറുത്തിയ സ്ഥലത്തു വച്ചു 'ബൌദ്ധന്മാരുടെ മെത്രാന്റെ' കൈ വിനയപൂർവം 'മുത്തി' പിരിഞ്ഞുവെന്ന് ഇവിടെ വിശേഷാൽ പറയേണ്ടിയിരിക്കുന്നു.

മതിമാനായ പുന്നത്ര മാർ ദീവന്നാസ്യോസ് വേലുത്തമ്പി ദളവായുമായി കോട്ടയത്ത് വച്ചു നടത്തിയ അതിരസകരമായ സന്ദർശനഘട്ടത്തിലും ചേപ്പാട്ടു മാർ ദീവന്നാസ്യോസിന്റെ കാലശേഷം പാലക്കുന്നത്തു മാർ മാത്യൂസ് അത്താനാസ്യോസ് ചെയ്തിട്ടുള്ള എല്ലാ പ്രധാനപ്പെട്ട ഘോഷയാത്രകളിലും, പുലിക്കോട്ടു മാർ ദീവന്നാസ്യോസിന്റെ ജൂബിലി മഹോത്സവത്തിലും ഈ കനകപ്പല്ലക്കു തന്നെയാണ് ഉപയോഗിച്ചിട്ടുള്ളത്. വളരെ പഴക്കമേറിയ ഈ പല്ലക്കിന്റെ ചില ഭാഗങ്ങൾ കോട്ടയം പഴയസെമിനാരിയുടെ മേൽത്തട്ടിൽ ഇന്നും സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

സുപ്രസിദ്ധ രാജ്യസേവകനും, അതിപ്രബലനും, കപ്പലുടമസ്ഥനും, വണിക്ക്ശ്രേഷ്ഠനും, ഇക്കാലത്തു അഞ്ചിരട്ടിപ്പടി കണക്കാക്കേണ്ടതായ നിലയിൽ അക്കാലത്തു തിരുവിതാംകൂർ സർക്കാരിൽനിന്നും പതിന്നാലു ലക്ഷത്തിൽ ചില്വാനം രൂപാ കടം പിരിഞ്ഞു കിട്ടുവാനുണ്ടായിരുന്ന വമ്പിച്ച ധനവാനുമായിരുന്ന തച്ചിൽ മാത്തു തരകൻ ഈ കഥാകാലത്തു ജീവിച്ചിരിപ്പുള്ള ഒരു ദേഹമായിരുന്നെങ്കിലും മെത്രാപ്പോലീത്തായെ സംബന്ധിച്ചു മേൽ ചേർത്തിട്ടുള്ളതായ സംഗതിയിൽ ഗുണമായിട്ടോ ദോഷമായിട്ടോ യാതൊന്നും

ചെയ്യുവാൻ നിവർത്തിയില്ലാത്ത നിലയിൽ 974-ാമാണ്ടു മിഥുന മാസം 8-ാം തീയതി തരകനു ശനിദശ ആരംഭിക്കുകയും, അതോടുകൂടി അദ്ദേഹം സാമുദായിക കാര്യങ്ങളിൽ നിന്നു വിരമിക്കുകയും ചെയ്തിരുന്നുവെന്നു മാത്രമല്ല, മാത്തു തരകന്റെ പല പ്രവൃത്തികളും മെത്രാപ്പോലീത്തായ്ക്ക് അത്യന്തം ഉപദ്രവകരമായി പരിണമിച്ചിരുന്നുവെന്നു കൂടിയും വായനക്കാരുടെ അറിവിനായി ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

ധീരനും, നയജ്ഞനും, ആലോചനാകുശലനുമായ കാര്യസ്ഥൻ കത്തനാരുടെ ദേശവും തറവാടും എവിടെയാണെന്ന് ഒരു ലക്കും കിട്ടുന്നില്ല.